# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഫറോക്ക് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P9/1966/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/12/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഫറോക്ക് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: KSA/KKD/P9/1966/2022 തീയ്യതി: 16/12/2022

## കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-07-2022 മുതൽ 19-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിനി.എം.വി | ജോയിന്റ് ഡയറക്ടർ | 19-09-2022 | 03-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2022 | 03-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനൂപ്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീമതി. അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ.സി.അബ്ദുൾ റസാഖ് | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. സനൽകുമാർ.ഡി.വി | സെക്രട്ടറി | 01-04-2021 | 02-03-2022 |
| ശ്രീ. അഭിലാഷ്.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഭിലാഷ്.ടി | അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. ആർഷദ് അലി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. നായർ സംഗീത ശ്രീധരൻ | വെറ്ററിനറി ഡോക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ലാല്യ ജോൺസ്.ആർ | താലൂക്ക് ആശുപത്രി സൂപ്രണ്ട് | 01-04-2021 | 31-03-2022 |
| ഡോ. അനുജ.എ.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. എൽസ മറിയ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. വൽസൻ.സി.കെ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സിനില ഉണ്ണികൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ക്ഷീര വികസനം) | 01-04-2021 | 16-03-2022 |
| ശ്രീമതി. രശ്മി | ഡെപ്യൂട്ടി ഡയറക്ടർ(ക്ഷീര വികസനം | 17-03-2022 | 31-03-2022 |
| ശ്രീ. അജയൻ | സ്കൂൾ പ്രിൻസിപ്പാൾ | 01-04-2021 | 04-11-2021 |
| ശ്രീമതി. താരാ ബാബു | സ്കൂൾ പ്രിൻസിപ്പാൾ | 05-11-2021 | 31-03-2022 |
| ശ്രീ. സുനീർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. റീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-6 |
| 9 | ക്യാഷ് പരിശോധന | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല. | 1-8 |
| 11 | 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല | 1-9 |
| 12 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-10 |
| 13 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-11 |
| 14 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച് | 1-12 |
| 15 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു | 1-13 |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-14 |
| 17 | കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണി നടത്തിയില്ല | 1-15 |
| 18 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ - രേഖകളും വിനിയോഗ വിവരവും ലഭ്യമല്ല | 1-16 |
| 19 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല. | 1-17 |
| 20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് തുക റീക്കുപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതും മറ്റ് അപാകതകളും | 1-18 |
| 21 | പെൻഷൻ ഫണ്ട് സംബന്ധിച്ച ചട്ടങ്ങൾ പാലിക്കുന്നില്ല | 1-19 |
| 22 | ചട്ടവിരുദ്ധമായി ഇൻക്രിമെന്റ് അനുവദിച്ചു | 1-20 |
| 23 | പാച്ചാക്കൽ ചീർപ്പ് ഡെപ്പോസിറ്റ് പ്രവൃത്തി - സെന്റേജ് ചാർജ്ജ് അധിക | 1-21 |

| | | |
|---|---|---|
| | നിരക്കിൽ ഈടാക്കി,പ്രവൃത്തി പൂർത്തീകരിച്ചില്ല. | |
| 24 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു. | 1-22 |
| 25 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 1-23 |
| 26 | പൊതുമരാമത്ത് പ്രവർത്തികളുടെ നടത്തിപ്പിലെ പൊതു അപാകതകൾ | 1-24 |
| 27 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകത- അധിക തുക നൽകിയത് -12637/- | 1-25 |
| 28 | എം.ആർ.എഫ്.നിർമ്മാണം. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-26 |
| 29 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല | 1-27 |
| 30 | വീടുകളിലേക്ക് പോർട്ടബിൾ ബയോബിൻ നൽകൽ- അപാകതകൾ | 1-28 |
| 31 | എസ് സി വിവാഹധനസഹായം - ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കാതെ തുക നൽകി | 1-29 |
| 32 | എസ് സി വിദ്യാർത്ഥികൾക്ക് പഠനസഹായം- അപാകതകൾ | 1-30 |
| 33 | കുടിവെള്ള ടാങ്ക് വിതരണം- എസ് സി- അപാകതകൾ | 1-31 |
| 34 | റിംഗ് കമ്പോസ്റ്റ്- അപാകതകൾ | 1-32 |
| 35 | നഗരസഭയിലേക്കുള്ള ഫർണ്ണിച്ചർ വാങ്ങലുകൾ - സർക്കാർ നിർദ്ദേശമനുസരിച്ച് നടത്തുന്നില്ല | 1-33 |
| 36 | സ്കൂളുകൾക്ക് ഫർണ്ണിച്ചർ നൽകൽ - യഥാസമയം നടപടി സ്വീകരിക്കാത്തതിനാൽ ധന നഷ്ടം | 1-34 |
| 37 | എസ്.എസ്.കെ പദ്ധതി - പട്ടികജാതി ഉപപദ്ധതി- എസ്.സി.പി ഫണ്ട് വകയിരുത്തിയതിന്റെ കൃത്യത വ്യക്തമല്ല. | 1-35 |
| 38 | മുനിസിപ്പൽ ഓഫീസിലെ വൈദ്യുതി ബിൽ അടവാക്കൽ - വികസന ഫണ്ടിൽ നിന്നും തുക വകമാറ്റി | 1-36 |
| 39 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമതികൾക്ക് കൈമാറിയില്ല | 1-37 |
| 40 | മഴക്കാല പൂർവ്വ ശുചീകരണം - പ്രവൃത്തി വിവരവും ചെലവു രേഖകളും ഹാജരാക്കിയില്ല | 1-38 |
| 41 | കുളങ്ങളിലെ കരിമീൻ കൃഷി - സബ്സിഡി അനുവദിച്ചതിൽ അപാകത | 1-39 |
| 42 | തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭിക്കുന്നില്ല | 1-40 |
| 43 | മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്തില്ല | 1-41 |
| 44 | ആരോഗ്യ പരിപാടികൾക്കും ആരോഗ്യ പരിശോധനയ്ക്കുമുള്ള വാഹനവാടക – അപാകതകൾ | 1-42 |
| 45 | മാലിന്യം നീക്കം ചെയ്യാൻ ഇ-ഓട്ടോ ഗുഡ്സ് വാങ്ങാൻ തുക നൽകി. വാഹനം ലഭ്യമായിട്ടില്ല | 1-43 |
| 46 | മാലിന്യ സംസ്കരണം- അവലോകനം | 1-44 |
| 47 | വീടുകളിലേക്ക് എൽ.ഇ.ഡി ബൾബ് നൽകൽ - ചെലവ് രേഖകൾ ലഭ്യമല്ല. | 1-45 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ചട്ടവിരുദ്ധമായി ഇൻക്രിമെന്റ് അനുവദിച്ചു | 3-1 |
| 2 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 3-2 |
| 3 | കുടിവെള്ള ടാങ്ക് വിതരണം- എസ് സി- അപാകതകൾ | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഫറോക്ക് നഗരസഭയുടെ 2021-22 വർഷത്തെ ബജറ്റ് 26-02-2021 ലെ കൗൺസിൽ തീരുമാന നമ്പർ 2 പ്രകാരവും, പുതുക്കിയ ബജറ്റ് 24-03-2022 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരമാനം -ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്കു പ്രകാരം വരവ് |
|---|---|---|
| 110 – നികുതി വരവുകൾ | 1,95,00,000 | 2,15,17,984 |
| 130 – നികുതിയിതര വരവുകൾ | 33,25,000 | 26,87,354 |
| 170 – നിക്ഷേപത്തിൽ നിന്നുള്ള വരുമാനം | 30,00,000 | 11,83,408 |
| 180 – മറ്റു വരുമാനം | 2,81,02,100 | 20,750 |

ബജറ്റ് എസ്റ്റിമേറ്റുകൾ വർക്ക് ഷീറ്റുകളുടെ അടിസ്ഥാനത്തിലല്ല തയാറാക്കിയത്. ഇത് ശരിയായ നടപടി ക്രമമല്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ – ബജറ്റ് പുതുക്കുന്നില്ല

കേരള മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 295(5) പ്രകാരം ഒരു വർഷത്തിനിടക്ക് നഗരസഭയുടെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ച എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ചെലവ് വകയിരുത്തലുകളുടെ വ്യതിയാനം, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചിട്ടില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 210 – എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ് | 3,64,85,000 | 3,97,40,000 | 4,36,80,828 |
| 2 | 230 – ഓപ്പറേഷൻസ് & മെയിന്റനൻസ് | 49,65,000 | 59,60,000 | 39,02,032 |

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 27.07.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഫറോക്ക് നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2021-22 വർഷം ലഭിച്ച തുക RP-27 വരവ് ഭാഗം) - (2021-22 വർഷത്തെ ചെലവ് RP-27 ചെലവ് ഭാഗം) ചെയ്യുമ്പോൾലഭിക്കുന്ന തുകയായ 84,74,354.75 രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 84,45,895.75 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. 2021-22 വാർഷിക കണക്ക് ഷെഡ്യൂൾ ബി-7 പ്രകാരം 84,45,895.75/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3. വാർഷിക കണക്ക് ഷെഡ്യൂൾ ബി-18 പ്രകാരം 31.03.2022 ന് 22,41,094.11/- രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ 2021-22 വർഷത്തെ സംക്ഷിപ്തം തയ്യാറാക്കിയതിൽ Advance To Implementing Agencies - Scheme Expenditure ഇനത്തിലെ നീക്കിയിരിപ്പായ 8,90,000 രൂപ ഉൾപ്പെടുത്തിയിട്ടില്ല.

4. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-37) ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തു നികുതി ഇനത്തിലെ കളക്ഷൻ 1,14,65,663 രൂപയും വസ്തു നികുതി അരിയർ ഇനത്തിലെ കളക്ഷൻ 65,98,116 രൂപയുമാണ്. എന്നാൽ 2021-22 വർഷത്തെ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ വസ്തു നികുതി ഇനത്തിലെ കളക്ഷൻ 1,10,96,083 രൂപയും വസ്തു നികുതി അരിയർ ഇനത്തിലെ കളക്ഷൻ 73,03,202 രൂപയുമാണ്.

5. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ 57,35,907 രൂപ കുടിശ്ശികയുണ്ട്. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-37 പ്രകാരം Recievables For Property Tax(Arrear) ഇനത്തിൽ 65,98,116/- രൂപയാണ് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2021-22ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തു നികുതി അരിയർ ഇനത്തിൽ 1,10,32,150 രൂപയാണ് പിരിച്ചെടുക്കാനുള്ളത്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

6. 2021-22 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കളക്ഷൻ 41,72,238 രൂപയുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 2021-22 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

7. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം Profession Tax-Institutions/Professionals/Traders ഇനത്തിൽ 62,000 രൂപ കുടിശ്ശികയുണ്ട്. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-37) ഷെഡ്യൂൾ പ്രകാരം Profession Tax-Institutions/Professionals/Traders(Arrears) എന്നീ ഇനത്തിലെ കളക്ഷൻ തുക 1,28,180 രൂപയാണ് അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

8. PMAY കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ ലഭ്യമായതിന്റെ കൃത്യത PMAY PFMS ICICI ( Acct N0-74801001256) എന്ന അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. PMAY ഇനത്തിൽ കേന്ദ്ര വിഹിതമായി ലഭിച്ച 1,20,00,000 രൂപയും സംസ്ഥാന വിഹിതമായി ലഭിച്ച 54,80,000 രൂപയും സുലേഖ ചെലവ് പത്രികയിൽ വകയിരുത്തി ചെലവ് ചെയ്തതായി കാണിച്ചിട്ടില്ല.

10. വസ്തു നികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും നഗരസഭ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, ഇ-പെയ്മെന്റ് അക്കൗണ്ട് നം. 39791739972) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 15.02.2022 മുതൽ 31.03.2022 വരെ ഓൺലൈനായി അടവാക്കിയ തുകകൾ താഴെപ്പറയുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| കാലയളവ് | ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| 15.02.2022 – 31.03.2022 | 5,56,324 | 5,00,381.33 |

11. വികസന ഫണ്ട്(ജനറൽ) ഇനത്തിലെ ചെലവ് തുക വാർഷിക ധനകാര്യ പത്രികയിലെയും സുലേഖ ചെലവ് പത്രികയിലെയും താഴെപ്പറയുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് (RP-6) പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 2,97,54,741 | 3,69,92,341 |

12. വാർഷികകണക്ക് ഷെഡ്യൂൾ ബി-4 പ്രകാരം 2,02,12,383/- രൂപ വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ അവ എന്ന്, ഏതിനത്തിൽ ലഭിച്ചുവെന്നും ഓരോയിനത്തിലും എത്ര തുകയുണ്ടെന്നും എത് അക്കൌണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുന്ന എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഗ്രാന്റുകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

13. ഫറോക്ക് സർവ്വീസ് സഹകരണബാങ്കിലെ തനത് ഫണ്ട് അക്കൌണ്ടിൽ( നം-64) നിന്ന് നഗരസഭ നൽകിയ താഴെപ്പറയുന്ന ചെക്കുകൾ നാളിതുവരെ പണമായി പിൻവലിച്ചിട്ടില്ല.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 043602 | 04/06/2021 | 4000 |

| | | |
|---|---|---|
| 043633 | 23/06/2021 | 592 |
| 045421 | 13/01/2022 | 3000 |

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ(ചട്ടം 45)പ്രകാരം സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheques ശീർഷകത്തിലേക്ക് മാറ്റി ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

14. 2021-22 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-4 പ്രകാരം Fees For Construction Of Buildings ഇനത്തിൽ 6,15,764 രൂപയും Other Fees For Grant Of Permit ഇനത്തിൽ 15,160 രൂപയും വരവ് രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ 2021-22 പെർമിറ്റ് രജിസ്റ്ററിൽ 2021-22 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

15. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

16. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

17. 2020-21 വാർഷിക ധനകാര്യ പത്രിക ബി-5 ഷെഡ്യൂൾ പ്രകാരം ലോൺ ഫ്രം ബാങ്ക്സ് ഇനത്തിൽ തിരിച്ചടയ്ക്കാനുള്ളത് 10,000,000 രൂപയും ലോൺ ഫ്രം KVRDFC ഇനത്തിൽ തിരിച്ചടയ്ക്കാനുള്ളത് 3,86,80,000 രൂപയുമാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 2021-22 വർഷാരംഭത്തിൽ പ്രസ്തുത ലോണുകളിൽ തിരിച്ചടയ്ക്കാനുള്ളത് യഥാക്രമം 8873816 രൂപയും 53680000 രൂപയുമാണ്.

18. സി.എഫ്.സി.ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് (പി.എഫ്.എം.എസ്. മുഖേന) സ്ഥാപനത്തിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റിലെയും വാർഷിക കണക്കിലെ ആർ.പി-6, ആർ.പി-24, ബി-4 ഷെഡ്യൂളുകളിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ആയത് സാധൂകരിക്കുന്നതിനുള്ള രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,59,17,600 |
| ഓഡിറ്റ് വർഷത്തെ വരവ് | 25,96,21,560 |
| ആകെ | 30,55,39,160 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 22,22,54,169 |
| നീക്കിയിരിപ്പ് | 8,32,84,991 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- | 0 | 2,97,69,400 | 2,97,69,400 | 2,97,54,741 | 14,659 |

| | | | | | |
|---|---|---|---|---|---|
| ജനറൽ<br>(ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-എസ്.സി.പി<br>(ACR പ്രകാരം) | 0 | 1,94,07,569 | 1,94,07,569 | 1,78,61,000 | 15,46,569 |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | 0 | 94,44,000 | 94,44,000 | 83,94,105 | 10,49,895 |
| മെയിന്റനൻസ്,നോൺ-റോഡ്<br>(ACR പ്രകാരം) | 0 | 92,57,362 | 92,57,362 | 74,19,180 | 18,38,182 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്<br>(ട്രഷറി മുഖേന) | 0 | 1,59,58,058 | 1,59,58,058 | 1,29,64,924 | 29,93,134 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്<br>(പി.എഫ്.എം.എസ്. മുഖേന) | 0 | 1,44,95,000 | 1,44,95,000 | 12,77,092 | 1,32,17,908 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ<br>ടൈഡ് ഗ്രാന്റ്<br>(ട്രഷറി മുഖേന) | 0 | 3,54,98,907 | 3,54,98,907 | 1,60,18,603 | 1,94,80,304 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ<br>ടൈഡ് ഗ്രാന്റ്<br>(പി.എഫ്.എം.എസ് മുഖേന) | 0 | 2,17,43,000 | 2,17,43,000 | 43,68,831 | 1,73,74,169 |
| തനത് ഫണ്ട്<br>( എസ്.ബി.ഐ ) | 1,89,99,413 | 2,08,31,329 | 3,98,30,742 | 1,57,02,058 | 2,41,28,684 |
| തനത് ഫണ്ട്<br>( ഫറോക്ക് സർവീസ് കോപ്പറേറ്റീവ് ബാങ്ക് ) | 1,04,16,527 | 2,99,09,893 | 4,03,26,420 | 3,15,54,668 | 87,71,752 |
| എം.പി.ഫണ്ട് | 2,44,990 | 6,682 | 2,51,672 | - | 2,51,672 |

(സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പി.എഫ്.എം.എസ് മുഖേനയുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല)

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഫറോക്ക് നഗരസഭയുടെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1). ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 18,80,57,819 | 4,02,47,382 |
| വികസനഫണ്ട് (എസ്.സി.പി) | 5,77,10,500 | 2,07,36,000 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 1,40,57,362 | 92,57,362 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 223 | 181 | 42 | .. | 77 |

2020-21 ൽ ഡി.പി.സി. അംഗീകാരം ലഭിച്ച 223 പ്രൊജക്റ്റുകളിൽ 181 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 19,36,57,944/- രൂപ വകയിരുത്തിയതിൽ 12,48,99,826/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അടങ്കൽ തുകയുടെ 64 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. തൻ വർഷം നഗരസഭയ്ക്ക് വിവിധ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ 2,69,22,743 /- രൂപ ലാപ്സായിട്ടുണ്ട്. (ഫണ്ടിനം തിരിച്ചുള്ള വിശദാംശം ഖ. 1-4ൽ കൊടുത്തിട്ടുള്ളത് കാണുക)

ഡി.പി.സി. അംഗീകാരം ലഭിച്ച 132 പൊതുമരാമത്ത് പ്രൊജക്റ്റുകളിൽ 102 പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്റ്റുകൾക്ക് ആകെ 9,69,41,470/- രൂപ വകയിരുത്തിയതിൽ 5,47,56,261/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 104 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 71 പദ്ധതികളിൽ 62 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 42063 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1127 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.

തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ .

1. വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ - 14 പ്രവൃത്തികൾ, ആകെ 2195 തൊഴിൽദിനങ്ങൾ, വേതന ഘടകം- 638745, വേതനേതര ഘടകം - 13067, ആകെ 651812

2. ഭൂവികസനം - 33 പ്രവൃത്തികൾ, ആകെ 32364 തൊഴിൽദിനങ്ങൾ, വേതന ഘടകം- 9417924, വേതനേതര ഘടകം - 205788, ആകെ 9623712

3. മാലിന്യ സംസ്കരണം - 1പ്രവൃത്തി, ആകെ 126 തൊഴിൽദിനങ്ങൾ, വേതന ഘടകം- 36666, ആകെ 36666

4. പി എം എ വൈ ഭവന നിർമ്മാണത്തിലെ അവിദഗ്ദ തൊഴിൽ ദിനം- ആകെ 6504 തൊഴിൽദിനങ്ങൾ, ആകെ 1892664

5. റോഡ്/ഫുട്പാത്ത് നിർമ്മാണം - 11 പ്രവൃത്തികൾ, ആകെ 274 തൊഴിൽദിനങ്ങൾ, വേതന ഘടകം- 79734, വേതനേതര ഘടകം - 1385560, ആകെ 1465294

6. ക്ഷീര കർഷകർക്ക് 100 തൊഴിൽ ദിനം- ആകെ 600 തൊഴിൽദിനങ്ങൾ, ആകെ തുക 174600.

2021-22 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുക

| | | |
|---|---|---|
| മുന്നിരിപ്പ് 479989 | | |
| വരവ് | 2020-21 അലോട്ട്മെന്റ് | 10000000 |
| | ബാങ്ക് പലിശ | 98172 |
| | ആകെ വരവ് | 10578161 |
| ആകെ (മുന്നിരിപ്പും വരവും ഉൾപ്പടെ) | | |
| ചെലവ് | വേതനം | 9316959 |
| | സാധന ഘടകം | 375351 |
| | ശമ്പളം(ഭരണച്ചെലവ്) | 616504 |
| | മറ്റു ചെലവ് | -- |
| | ആകെ ചെലവ് | 10308814 |
| നീക്കിയിരിപ്പ് 269347 | | |

1-7 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,08,530/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല.

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ നഗരസഭയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

10-05-2017ലെ 2024/2017 ഓഫീസ് ഉത്തരവ് പ്രകാരം അടിസ്ഥാനത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ചുനൽകിയിട്ടുണ്ട്. തുടർന്ന് വരുന്ന മാറ്റങ്ങൾക്കനുസരിച്ച് അതതു സമയം കാലികമായ മാറ്റം ഓഫീസ് ഉത്തരവിലും വരുത്തിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം നഗരസഭ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചിട്ടില്ല. 2021-22 ൽ 2-9-21, 10-2-22, 17-2-22 എന്നിങ്ങനെ 3 തവണ മാത്രമേ സ്റ്റാഫ് മീറ്റിംഗ് വിളിച്ചു കൂട്ടിയിട്ടുള്ളൂ. മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടില്ല. 2021-22 ൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സൂചികയിലെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ തപാലുകൾ പലപ്പോഴും ബന്ധപ്പെട്ട സെക്ഷനുകൾ കൈപ്പറ്റി ഒപ്പ് തീയ്യതി എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. തൊഴിൽ നികുതി , ഡി & ഒ ലൈസൻസ്, കെട്ടിട വാടക, ലേലം , ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, ഇനം, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നിവ കാണിക്കുന്ന സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും പദ്ധതി പ്രകാരം വാങ്ങിക്കുന്ന ഫർണ്ണിച്ചറുകൾ സ്ഥാപനത്തിന്റെ നിലവിലുള്ള ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്ത് ഇഷ്യൂ കാണിക്കേണ്ടതിനു പകരം പദ്ധതി പ്രകാരം വാങ്ങിയ എല്ലാ സാധനങ്ങളും സ്റ്റോക്കിലെടുക്കുന്ന പൊതുവായ സ്റ്റോക്ക് രജിസ്റ്ററുകളിലാണ് സ്റ്റോക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സോഫ്റ്റ് വെയറുകൾ എന്നിവ വാങ്ങുമ്പോഴും ഇപ്രകാരം തന്നെയാണ് സ്റ്റോക്ക് രേഖപ്പെടുത്തുന്നത്. 24-9-2010 ലെ 86/2010/ഫിൻ സർക്കുലർ പ്രകാരം ധനവകുപ്പ് നിർദ്ദേശിച്ച രീതിയിൽ കമ്പ്യൂട്ടറുകളുടെ സോഫ്റ്റ് വെയർ,ഹാർഡ് വെയർ എന്നിവ പ്രത്യേകം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി എന്നിവർ ചെലവ് നടക്കുന്ന അതേ തീയ്യതിയിൽ കാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും ചെയർമാൻ പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. 1996- 1997 മുതൽ 2020-21 വരെ വിവിധ റിപ്പോർട്ടുകളിലായി 504 പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു.

നഗരസഭയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും

രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നഗരസഭയിൽ 5 ക്ലാർക്ക്, 5 സീനിയർ ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി നഗരസഭയെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ നഗരസഭയുടെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതു കൊണ്ടു തന്നെ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾക്കായി ഖ 1- 9, 1-10, 1-11, 1-13 എന്നിവ കാണുക.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും നഗരസഭ തയ്യാറാക്കിയിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യവർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10 ലെ ജി.ഒ(പി).259/2010/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 230, 2011 – ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ എന്നിവ അതതു നഗരസഭാ പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.
പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

ഫറോക്ക് നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം ഫോറം 6 പ്രകാരം പരിശോധിച്ചതിൽ താഴെപറയുന്ന 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

| കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 27/268 A | അബ്ദുൾകരീം,വെള്ളത്തേടത്ത്, പുളിക്കലകത്ത്, കണ്ണപ്പൻതൊടി | 266.16 $M^2$ | പാർപ്പിടാവശ്യം |
| 20/203 A | ഖൈറുന്നീസ.പി, കൊളത്തോട്ട് ഹൗസ് , പെരുമുഖം | 298.62 $M^2$ | പാർപ്പിടാവശ്യം |
| 21/190 | ഗിരീശൻ.വി,സുഖിതാബായി.എം.ആർ, പൗർണ്ണമി, കല്ലമ്പാറ, പെരുമുഖം | 252.62 $M^2$ | പാർപ്പിടാവശ്യം |
| 23/385 B | കലണ്ടർഷാ, വെട്ടിയാട്ടിൽ ഹൗസ്, പെരുമുഖം, | 279.70 $M^2$ | പാർപ്പിടാവശ്യം |

| | | | |
|---|---|---|---|
| | ഫറോക്ക് | | |
| 32/311 | ബാലകൃഷ്ണൻ.സി, അപ്പു കോട്ടേജ്, ചെനപറമ്പ | 255.16 $M^2$ | പാർപ്പിടാവശ്യം |
| 19/17 C | നാരായണൻ മലയിൽ, കല്ലുവളപ്പ്, പെരുമുഖം | 253.14 $M^2$ | പാർപ്പിടാവശ്യം |
| 20/578A | ബീവി, അവുനിക്കാട്, പുല്ലികടവ് | 285.89 $M^2$ | പാർപ്പിടാവശ്യം |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ 2(21) പ്രകാരം ഒക്യുപെൻസി നൽകി രണ്ട് വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് പരാമർശിക്കുന്നുണ്ട്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിച്ച് ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-10 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തേണ്ടതാണ്. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതില്ല.

ഫറോക്ക് നഗരസഭയിലെ 2021-22 വർഷത്തെ ഓഡിറ്റിൽ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, നമ്പറിംഗ് ഫയലുകൾ, ഫോറം6 നികുതി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ താഴെപറയുന്ന വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് കണ്ടു.

I)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | എസ്.അബ്ദുൾ കരീം, അൽ-ഫാരിസ്, കരുവാൻതിരുത്തി, ഫറോക്ക് |
| റീ.സ നമ്പർ | 115/13,14 |
| വില്ലേജ് | കരുവാൻതിരുത്തി |
| മേഖല | പ്രഥമം |
| പ്ലോട്ട് ഏരിയ | 10.3192 ആർസ് |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 3/163 A, 3/163 B, 3/163 C |
| കെട്ടിടത്തിന്റെ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം |

| | |
|---|---|
| ഉപയോഗക്രമം | ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 60 |

എൽ.എസ്.ജി.ഡി വിഭാഗം അംഗീകരിച്ച സൈറ്റ് പ്ലാൻ, സർവീസ് പ്ലാൻ പ്രകാരം 8 മീറ്റർ വീതിയുള്ള കരുവൻതിരുത്തി റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 60 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി | യഥാർത്ഥത്തിൽ 60 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 3/163 A | 12.48 $M^2$, താഴത്തെ നില,വാണിജ്യം | 749 + 38 (5% LC) = 787 | 899 + 45 (5% LC) = 944 |
| 3/163 B | 12.48 $M^2$, താഴത്തെ നില,വാണിജ്യം | 749 + 38 (5% LC) = 787 | 899 + 45 (5% LC) = 944 |
| 3/163 C | 16.38 $M^2$, താഴത്തെ നില,വാണിജ്യം | 983 + 50 (5% LC) = 1033 | 1180 + 59 (5% LC) = 1239 |
| ആകെ | | 2481 + 126 (5% LC) = 2607 | 2978 + 149 (5% LC) = 3127 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (2978 + 149 ) - (2481 + 126)<br>497 + 23 (5% LC) = 520 | | | |

li)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | മുഹമ്മദ് മുസ്തഫ.പി മുതൽ പേർ, എടക്കാട്ട് ഹൗസ്, ഫറോക്ക് |
| പെർമിറ്റ് നമ്പർ | A4/18779/2018, തീ-31.12.2018 |
| റീ.സ നമ്പർ | 165/3 A |
| വില്ലേജ് | ഫറോക്ക് |

| | |
|---|---|
| മേഖല | പ്രഥമം |
| പ്ലോട്ട് ഏരിയ | 6.7ആർസ് |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 5/198 C, 5/198 D, 5/198 E, 5/198 F, 5/198 G |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 60 |

മേൽ കെട്ടിടത്തിന്റെ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ, സർവീസ് പ്ലാൻ പ്രകാരം 12 മീറ്റർ വീതിയുള്ള ഫറോക്ക് കടലുണ്ടി റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 60 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി | യഥാർത്ഥത്തിൽ 60 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 15/198 C | 15.16 $M^2$, താഴത്തെ നില വാണിജ്യം | 910 + 46 (5% LC) = 956 | 1092 + 55 (5% LC) = 1147 |
| 5/198 D | 15.16 $M^2$, താഴത്തെ നില വാണിജ്യം | 910 + 46 (5% LC) = 956 | 1092 + 55 (5% LC) = 1147 |
| 5/198 E | 15.16 $M^2$, താഴത്തെ നില വാണിജ്യം | 910 + 46 (5% LC) = 956 | 1092 + 55 (5% LC) = 1147 |
| 5/198 F | 11.39 $M^2$, താഴത്തെ നില വാണിജ്യം | 684 + 35 (5% LC) = 719 | 821 + 42 (5% LC) = 863 |
| 5/198 G | 34.86 $M^2$, താഴത്തെ നില -വാണിജ്യം | 2092 + 105 (5% LC) = 2197 | 2510 + 126 (5% LC) = 2636 |
| ആകെ | | 5506 + 278 (5% LC) = 5784 | 6607 + 333 (5% LC) = 6940 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (6607 + 333 ) – (5506 + 278)<br>1101 + 55 (5% LC) = 1156 | | | |

lii)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | ടി.പി.മെഹബൂബ്, തോപ്പിലകത്ത്, അരക്കിണർ |

| | |
|---|---|
| റീ.സ നമ്പർ | 193/3 B |
| വില്ലേജ് | ഫറോക്ക് |
| മേഖല | പ്രഥമം |
| പ്ലോട്ട് ഏരിയ | 3.62ആർസ് |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 28/179 A |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 110 |

അംഗീകരിച്ച സൈറ്റ് പ്ലാൻ, സർവീസ് പ്ലാൻ പ്രകാരം 7.30 മീറ്റർ വീതിയുള്ള പുറ്റെക്കാട് റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 110 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി( ഇളവ് - 10% മേൽക്കൂര) | യഥാർത്ഥത്തിൽ 110 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(ഇളവ് - 10% മേൽക്കൂര , വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 28/179 A | 217.70 $M^2$, താഴത്തെ നില വാണിജ്യം | 21553 + 1078 (5% LC) = 22631 | 26342 + 1318 (5% LC) = 27660 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (26342 + 1318 ) - (21553 + 1078) 4789 + 240 (5% LC) = 5029 | | | |

സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്നാണ് മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്. 2011ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച നഗരസഭയിലെ പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. നഗരസഭയുടെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ മേഖലാ തരം തിരിവ്, റോഡുകളുടെ തരം തിരിവ് എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും മറ്റ് വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-11 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തേണ്ടതാണ്. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതില്ല.

ഫറോക്ക് നഗരസഭയിലെ 2021-22 വർഷത്തെ ഓഡിറ്റിൽ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, നമ്പറിംഗ് ഫയലുകൾ, ഫോറം6 നികുതി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ താഴെപറയുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് രേഖപ്പെടുത്താത്തതായി കണ്ടു.

I)

| | |
|---|---|
| ഫയൽ നമ്പർ | FE/12170/2020 |
| ഉടമസ്ഥന്റെ പേര്, വിലാസം | ഹസൻകുട്ടി, നൈന്ത്രാംവളപ്പിൽ, മുനീർ മൻസിൽ, പുറ്റേക്കാടി |
| റീ.സ നമ്പർ | 247/56 |
| വില്ലേജ് | കരുവൻതിരുത്തി |
| മേഖല | ദ്വിതീയം |
| പ്ലോട്ട് ഏരിയ | 9.91 ആർസ് |
| അനുവദിച്ച കെട്ടിട നമ്പർ | 27/268 A |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | പാർപ്പിടാവശ്യം |

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 8 |

മേൽ കെട്ടിടത്തിന്റെ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 5.2 മീറ്റർ വീതിയുള്ള മുനിസിപ്പൽ റോഡിൽ നിന്നാണ് മേൽ റസിഡൻഷ്യൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 8 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി ( ഇളവ് - 10% മേഖല) | യഥാർത്ഥത്തിൽ 8 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(ഇളവ് - 10% മേഖല ,വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 3/163 A | 202.78 $M^2$, പാർപ്പിടാവശ്യം | 1461 + 74 (5% LC) = 1535 | 1786 + 90 (5% LC) = 1876 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (1786 + 90 ) – (1461 + 74) 325 + 16 (5% LC) = 341 | | | |

li)

| | |
|---|---|
| ഫയൽ നമ്പർ | FE/7686/2020 |
| ഉടമസ്ഥന്റെ പേര്, വിലാസം | ശ്രീജിത്ത്.എം.യു&ദീപ്തി.എം.പി, ശ്രീപദം, പെരുമുഖം, ഫറോക്ക് |
| പെർമിറ്റ് നമ്പർ | A4/1657/2017, തീ-19.04.2017 |

| | |
|---|---|
| റീ.സ നമ്പർ | 324/3 |
| വില്ലേജ് | ഫറോക്ക് |
| മേഖല | പ്രഥമം |
| പ്ലോട്ട് ഏരിയ | 3.5ആർസ് |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 20/339 B |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | പാർപ്പിടാവശ്യം |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 8 |

കെട്ടിടത്തിന്റെ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ, സർവീസ് പ്ലാൻ പ്രകാരം 6 മീറ്റർ വീതിയുള്ള നല്ലൂർ പെരുമുഖം റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 8 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി ( ഇളവ് - 10% മേഖല) | യഥാർത്ഥത്തിൽ 8 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(ഇളവ് - 10% മേഖല ,വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 20/339 B | 265.12 $M^2$, പാർപ്പിടാവശ്യം | 1909 + 96 (5% LC) = 2005 | 2333 + 117 (5% LC) = 2450 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (2333 + 117 ) - (1909 + 96)<br>424 + 21 (5% LC) = 445 | | | |

പാർപ്പിടാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ റോഡുകളുടെ വിവരം കൃത്യമല്ലെന്നാണ് പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത് .2011ലെ ചട്ടങ്ങൾക്ക്

ശേഷം നഗരസഭയിലെ നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. നഗരസഭയുടെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ മേഖലാ തരം തിരിവ്, റോഡുകളുടെ തരം തിരിവ് എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മറ്റ് പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുമാണ്. പാർപ്പിടാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 235, സ.ഉ. (എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര്, വിലാസം | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 11/256 | 148.14ച.മീ | കെ.പ്രഭാകരൻ, മാത്തിൽ വീട്, കള്ളിത്തൊടി | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 19/186 | 74 ച.മീ | നാലകത്ത് ഇത്താച്ചുട്ടി, തണ്ണക്കൽ, പെരുമുഖം | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 22/131 | 87.51 ച.മീ | ടി.വി.ശിവദാസൻ, പൂക്കാട്ട്പറമ്പ്, ഫറോക്ക് | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 27/155 A | 61.29 ച.മീ | എം.ഖദീജ, കുന്നത്ത് പടന്ന, പുറ്റേക്കാട് | രേഖപ്പെടുത്തിയിട്ടില്ല |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/21-22, തീ-03.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതും മേൽ സൂചിപ്പിച്ച നിയമത്തിനും ഉത്തരവിനും വിധേയമായി 4 കെട്ടിടങ്ങൾക്കും നികുതി നിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി അറിയിക്കേണ്ടതുമാണ്. കൂടാതെ ഇത്തരത്തിൽ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ ഉണ്ടോയെന്ന്

പരിശോധിച്ച് , തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു

ഫറോക്ക് നഗരസഭയുടെ 2021-22 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 1327 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. നഗരസഭയിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ( ഫോറം6-അസസ്മെന്റ് പ്രിന്റൗട്ട്) പരിശോധിച്ചപ്പോൾ, ഇവയെല്ലാം പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ചയാണെന്ന് ശ്രദ്ധയിൽപെട്ടു.

| അപേക്ഷകന്റെ പേര് | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| ബഷീർ | ഹാർഡ് വെയർ സാധനങ്ങളുടെ വിൽപന | 4/14 | രാധാകൃഷ്ണൻ | പാർപ്പിടാവശ്യം |
| മാട്ടുപുറത്ത് ഗോവിന്ദൻ | വളം കീടനാശിനി വിൽപന | 4/76 | മതിലാഞ്ചേരി ഖദീജ | പാർപ്പിടാവശ്യം |
| മഞ്ജു.ഇ | ഗോൾഡ് ഓർണമെന്റ് മേക്കിംഗ്, ഫാൻസി | 4/87 | മാടായി വത്സല | പാർപ്പിടാവശ്യം |
| മുസ്തഫ.സി.കെ | ഓൺലൈൻ സേവന കേന്ദ്രം | 4/157 | നൌഷാദ്, വിനീഷ | പാർപ്പിടാവശ്യം |
| മുഹമ്മദ് തൻവീർ | സീവിംഗ് മെഷീൻ സെയിൽസ്, സർവീസ് | 10/50/A | റഫീഖ് | പാർപ്പിടാവശ്യം |
| ഗിരീഷ് കുമാർ.വി | പെയിന്റ് വിൽപന | 11/380 | കോയാമ്മു.കെ | പാർപ്പിടാവശ്യം |
| ഫസാലുൾ മുനീർ | മേശ, കസേര | 12/87 | മൻസൂർ അലി | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | വാടകയ്ക്ക് | | | |
| രാജൻ പൊറ്റത്തിൽ | അരിമസാല സാധനങ്ങൾ | 13/120 | കെ.എം.രാമുണ്ണി | പാർപ്പിടാവശ്യം |
| പി.ഇ.സൈതലവി | സ്റ്റേഷനറി | 14/482 | മാടനയിൽ സുന്ദരൻ | പാർപ്പിടാവശ്യം |
| എം.ഉസൈൻ | സിമന്റ് കച്ചവടം | 15/374 | പൊയിൽ കേളു | പാർപ്പിടാവശ്യം |
| സുകുമാരൻ.പി | പലചരക്ക് കച്ചവടം | 23/39 | സീതി, അബൂബക്കർ | പാർപ്പിടാവശ്യം |
| മുഹമ്മദ് ഷഫീഖ്.ഇ | ടൈൽസ് കച്ചവടം | 23/13 | അബൂബക്കർ | പാർപ്പിടാവശ്യം |
| ഷീബ.കെ | ഫ്ലോർ മിൽ | 24/35 | പി.ശശീധരൻ | പാർപ്പിടാവശ്യം |
| ബിജിത.പി | ഇ-സേവന കേന്ദ്രം | 25/209 | വി.പി.ജമീല | പാർപ്പിടാവശ്യം |
| കെ.ടി.ഹനീഫ | ടൈൽസ് കച്ചവടം | 25/218 | പത്മിനി അമ്മ | പാർപ്പിടാവശ്യം |
| എം.മുഹമ്മദലി | സ്റ്റേഷനറി | 27/68 | അഹമ്മദ് കുട്ടി, ഫാത്തിമ | പാർപ്പിടാവശ്യം |
| സുധ.പി | ബേക്കറി | 28/348 | സുധ എന്ന സുധർമ്മ | പാർപ്പിടാവശ്യം |
| അബൂബക്കർ.കെ | പലചരക്ക് കച്ചവടം | 30/275 | മേലായി ബാബു | പാർപ്പിടാവശ്യം |
| നവാസ് | സ്റ്റേഷനറി | 32/254 | ശിവദാസൻ.എം | പാർപ്പിടാവശ്യം |

നഗരസഭയിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ നഗരസഭയിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിലും ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം നഗരസഭയ്ക്ക് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. നഗരസഭയിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ മേൽ വിവരിച്ച പ്രകാരം വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് ഫീൽഡ് പരിശോധന നടത്തി ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളും, അതിന്റെ ഫലവും വിശദമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

ഫറോക്ക് നഗരസഭയിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭാ പരിധിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 251 സ്ഥാപനങ്ങളാണുള്ളത്. അവയിൽ 36 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 ലെ ഒന്ന് / രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2. തൊഴിൽ നികുതിഡിമാന്റ് രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

3. രജിസ്റ്റർ പരിശോധിച്ചതിൽ ട്രേഡേഴ്സ്സിൽ ചെറിയൊരു ശതമാനം മാത്രമേ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളൂ. വ്യാപാരികളുടെ വരുമാന വിവരം ലഭ്യമല്ലാത്തതിനാൽ ഇതിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

4. വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15 ഷെഡ്യൂൾ) തൊഴിൽ നികുതി കുടിശ്ശികയിനത്തിൽ 150000 രൂപ പിരിക്കാൻ ബാക്കിയുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല

5. സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ, റേഷൻ ഷോപ്പ് ഉടമകൾ, സഹകരണം സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ്, ബാങ്കർമാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

6. വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് വ്യക്തമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ കാലഹരണപ്പെടുകയും യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ വരികയും ചെയ്യും. നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മുൻ വർഷ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നികുതി ചുമത്തി ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഡിമാന്റ് നൂറ് ശതമാനമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണി നടത്തിയില്ല

2021-22 വർഷത്തേക്ക് കംഫർട്ട് സ്റ്റേഷൻ ലേലത്തിൽ എടുത്ത ശ്രീ. ബാലചന്ദ്രൻ . പി , കോവിഡ് കാരണം 6 മാസം കംഫർട്ട് സ്റ്റേഷൻ അടച്ചിട്ടുള്ളതിനാൽ ലേലത്തുക തിരികെ നൽകുന്നതിനായി സമർപ്പിച്ച 19.3.22 ലെ അപേക്ഷയിൽ "ബാത്ത്റൂം ഉപയോഗിക്കാൻ കഴിയാത്ത വിധം" (മാലിന്യം പുറത്തോട്ട് ഒഴുകി വരുന്നതായി) കേടായതായി 26.8.2021 ന് പരാതി നൽകിയതായും ആയതിന് നഗരസഭ മറുപടി നൽകിയിട്ടില്ലെന്നും പറയുന്നു. ഈ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കംഫർട്ട് സ്റ്റേഷൻ അടകുറ്റപ്പണി നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. പ്രവർത്തനക്ഷമമാക്കിയ ശേഷം തുടർ വർഷത്തിൽ ലേല നടപടികൾ സ്വീകരിച്ചതിന്റെയും ലേലം നൽകിയതിലൂടെ നഗരസഭയ്ക്ക് വരുമാനം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ - രേഖകളും വിനിയോഗ വിവരവും ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 54/22 പുതിയ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ |
| വകയിരുത്തിയ തുക | 303079 (തനത് ഫണ്ട്) + 1196921 (റോഡിതര സംരക്ഷണ ഗ്രാന്റ് ) = 1500000 |
| ചെലവ് തുക | 223846(റോഡിതര സംരക്ഷണ ഗ്രാന്റ് ) |
| ബിൽ നമ്പർ/തീയ്യതി | 61/21-2-2 |

38 വാർഡുകളിലുമായി പുതിയ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കലാണ് പദ്ധതി ലക്ഷ്യം വെക്കുന്നത് . അതുപ്രകാരം വാർഡ് 17 മുതൽ 22 വരെയും 26 ലും സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി , കടലുണ്ടി സെക്ഷന് 223846 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 3-2-2022ലെ സെക്ഷനെഴുതിയ നോട്ട് പ്രകാരം കെ.എസ്.ഇ.ബി , കടലുണ്ടി സെക്ഷനിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. എന്നാൽ ഫയലിൽ എസ്റ്റിമേറ്റ് ലഭ്യമല്ല. ലൈൻ വലിക്കൽ പദ്ധതിയുടെ നിലവിലെ അവസ്ഥ ലഭ്യമല്ല. എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തുക ഡെപ്പോസിറ്റ് ചെയ്ത് 6 മാസം കഴിഞ്ഞ പദ്ധതിയുടെ നിലവിലെ അവസ്ഥ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (4/30-9-22) മറുപടി നൽകിയിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-17 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 49/22 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| വകയിരുത്തിയ തുക | 100000(വികസന ഫണ്ട്)+500000(തനതു ഫണ്ട്)= 1500000 |
| ചെലവ് തുക | 149340+149310+171600= 470280 |
| ബിൽ നമ്പർ/തീയ്യതി | 34/9-11-21,45/31-12-21,46/31-12-21 |

മുനിസിപ്പാലിറ്റിയിലെ നിലവിൽ സ്ട്രീറ്റ് ലൈറ്റ് കത്താത്ത ഭാഗത്ത് അടിയന്തിരമായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായാണ് മേൽ പ്രൊജക്ട് ലക്ഷ്യമിട്ടത്. പ്രൊജക്ട് പ്രകാരം ടെണ്ടറിലൂടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഹെഡ്കോയുടെ സാമ്പിൾ ഹാജരാക്കിയതിൽ സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്തതിനാലും ക്വാളിറ്റി കുറവായതിനാലും പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കാൻ പർച്ചേസ് കമ്മറ്റി തീരുമാനിച്ചു (തീരു.നം.1/15-7-21). രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അമ്മാസ് പവർ കോൺട്രാക്ടേർസ് ഹാജരാക്കിയ സാധനങ്ങൾ ഗുണനിലവാരവും സ്പെസിഫിക്കേഷനും പാലിക്കുന്നതിനാൽ 2-8-21 ലെ ഒന്നാം നം. പർച്ചേസ് കമ്മറ്റി തീരുമാന പ്രകാരം പ്രസ്തുത ടെണ്ടർ അംഗീകരിച്ചു . 3-8-21 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പോസ്റ്റ് 1 ന് 110 രൂപ നിരക്കിൽ അമ്മാസ് പവർ കോൺട്രാക്ടേർസ് സമർപ്പിച്ച സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനുള്ള കുറഞ്ഞ നിരക്കിലുള്ള ടെണ്ടറും

അംഗീകരിച്ചു. 25-8-21ലെ 14(1),14(2) എന്നീ തീരുമാന പ്രകാരം കൗൺസിലും മേൽ തീരുമാനങ്ങൾ അംഗീകരിച്ചു. തുടർന്ന് 2 തവണയായി 1140 പെന്റന്റ് ഹോൾഡർ ഒന്നിന് 22 രൂപ നിരക്കിലും 570 എണ്ണം 18 W സ്ട്രീറ്റ് ലൈറ്റ് സ്വിച്ചർ ഒന്നിന് 230 രൂപ നിരക്കിലും, 570 എണ്ണം 20 W എൽ.ഇ.ഡി ബൾബ് ഒന്നിന് 250 രൂപ നിരക്കിലും ലഭ്യമാക്കിയതിനും 1560 പോസ്റ്റിൽ ആയത് ഫിറ്റ് ചെയ്തതിനും മെയിന്റനിൻസിനുമായി പോസ്റ്റ് 1 ന് 110 രൂപ നിരക്കിലുമായി ആകെ 470280 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാധനങ്ങൾക്ക് 2 വർഷ വാറന്റിയാണ് കമ്പനി നൽകിയിരിക്കുന്നത്. പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

എ).പദ്ധതി ആസൂത്രണത്തിനുമുമ്പ് നഗരസഭയിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല.

ബി).മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

സി). ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്സുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി).തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 15.09.2011ലെ 3055/ഡി.എ-3/2011/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങൾ കർശനമായും പാലിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (സർക്കുലർ നം.269/ഡി.എ-3/2018/ത.സ്വ.ഭ.വ./തീയതി 29.05.2018). ഇതനുസരിച്ച് കരാറുകാരൻ കെഎസ്.ഇ.ബിയിലെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസി.എഞ്ചിനീയറുടെ അംഗീകാരത്തോടെയും, കെ.എസ്.ഇ.ബി. ജീവനക്കാരുടെ മേൽനോട്ടത്തിലും പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് കെ.എസ്.ഇ.ബിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇ).നഗരസഭ തെരുവു വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നഗരസഭാ പരിധിയിലെ വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

എഫ്). നിലവിൽ നഗരസഭാ പരിധിയിലെ പ്രവർത്തനക്ഷമമായ വിളക്കുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (33/3-10-22) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-18 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് തുക റീക്കപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതും മറ്റ് അപാകതകളും

2021-22 വർഷം കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കും പ്രകാരം പ്രൊജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | വകയിരുത്തിയ തുക/ഫണ്ടിനം | ചെലവ് തുക/ഫണ്ടിനം |
|---|---|---|---|
| 1 | 68/22 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടം | 4000000(വി.ഫണ്ട്)+ 500000(തനത് ഫണ്ട്) = 4500000 | 3375492(വി.ഫണ്ട്)+ 403566(തനത് ഫണ്ട്) = 3779058 |
| 2 | 317/22 കോവിഡ് 19 | 1132638(തനത് ഫണ്ട്) + | 343969(തനത് ഫണ്ട്) + |

| | | | |
|---|---|---|---|
| | പ്രതിരോധ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടം | 667362 (മെയിന്റനൻസ് ഗ്രാന്റ് ) = 1800000 | 667362 (റോഡിതര സംരക്ഷണ ഗ്രാന്റ് )= 1011331 |
| | ആകെ | 6300000 | 4790389 |

കോവിഡ് 19 പടർന്നു പിടിച്ചതിന്റെ ഭാഗമായി 2019 മുതൽ 2021 സെപ്തംബർ വരെയായി നഗരസഭാ പരിധിയിൽ ഒരു എഫ്.എൽ.ടി.സി, 2 ഡൊമിസീലിയറി കെയർ സെന്ററുകൾ, ഒരു സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ എന്നിവ പ്രവർത്തിച്ചിരുന്നു. ഇവയുടെ പ്രവർത്തനത്തിനായും മറ്റ് കോവിഡ് കാല ചെലവുകൾക്കുമായി താഴെ കൊടുത്തിരിക്കും വിധം വ്യത്യസ്ത ഇനങ്ങളിൽ തുക ചെലവ് ചെയ്തിട്ടുണ്ട്.

| ഇനം | ചെലവ് തുക |
|---|---|
| രുചി വനിതാ മെസ്സിന് ൽകിയ ഭക്ഷണ ചെലവ് | 1606607 |
| 75 കിടക്ക 60 തലയിണ | 147000 |
| കട്ടിൽ 160 | 269924 |
| സി.എച്ച്.സിയിലെ അടിയന്തിര റിപ്പയർ വർക്ക് | 202251 |
| സാനിറ്റൈസർ,മാസ്ക്,ഓക്സീമീറ്റർ,മറ്റ് ശുചീകരണ സാമഗ്രികൾ | 835356 |
| ഫോഗിങ് മെഷീൻ-2 | 55800 |
| അയ്യങ്കാളി തൊഴിലാളികൾക്ക് ശുചീകരണ സാമഗ്രികൾ | 301202 |
| വളണ്ടിയർ ചെലവ് | 774750 |
| മൊബൈൽ മെഡിക്കൽ ലാബ്,മൈക്ക് വാടക | 295587 |
| കറന്റ് ചാർജ്ജ് | 93727 |
| വാക്സിനേഷൻ,വാഹന വാടക,മരുന്ന്,മറ്റ് ചെലവുകൾ | 208185 |
| | 4790389 |

1-9-2022ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ നഗരസഭയുടെ പഴയ ഓഡിറ്റോറിയത്തിൽ കോവിഡിന്റെ ഭാഗമായി വാങ്ങിയ 75 കിടക്ക 60 തലയിണ 160 കട്ടിൽ എന്നിവ ഒന്നിന് മേൽ ഒന്നായി അട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഫോഗിങ് മെഷീൻ-2 എണ്ണത്തിൽ ഒന്ന് പെട്ടി പോലും തുറക്കാതെ ഓഡിറ്റോറിയത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. അയ്യങ്കാളി തൊഴിലാളികൾക്ക് വേണ്ടി വാങ്ങിയ 301202 രൂപയുടെ ശുചീകരണ സാമഗ്രികളിൽ ഒരു പെട്ടി ഗംബൂട്ട് തുറക്കാതെയും റെയിൻ കോട്ട് കുറച്ചെണ്ണം കൊടുത്തതിന്റെ ബാക്കി പൊടിപിടിച്ചും ഒന്നാം നിലയിലെ ഓഫീസിനുള്ളിലെ ഒരു ചെറിയ മുറിയിൽ കിടക്കുന്നതായും കണ്ടെത്തി. അയ്യങ്കാളി തൊഴിലാളികൾക്ക് വേണ്ടി വാങ്ങിയ ശുചീകരണ സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും സ്റ്റോക്ക് ഇഷ്യൂ രജിസ്റ്ററിൽ കൃത്യമായി കാണിച്ചിട്ടില്ല.

ഫറോക്ക് നഗര സഭയ്ക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി SDRF(State Disastress Response Fund)ൽ നിന്നും അഡ്വാൻസ് ലഭിച്ചിട്ടില്ല. 26-4-2021 ലെ സ.ഉ(സാധാ) നം 911/2021 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് SDRF(State Disastress

Response Fund)ൽ നിന്നും അഡ്വാൻസ് ലഭിക്കാത്ത സന്ദർഭത്തിൽ ഇതിനായി ചെലവായ തുക SDRF ൽ നിന്നും റീ ഇംപേഴ്സ്മെന്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ചെലവായ തുക റീ ഇംപേഴ്സ് ചെയ്യുന്നതിന് നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (32/3-10-22) മറുപടി നൽകിയിട്ടില്ല. മേൽ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന കട്ടിൽ, കിടക്ക, തലയണ, അയ്യങ്കാളി തൊഴിലാളികൾക്ക് വേണ്ടി വാങ്ങിയ ശുചീകരണ സാമഗ്രികൾ എന്നിവ യുക്തമായ തീരുമാനമെടുത്ത് നശിച്ചുപോകാത്ത രീതിയിൽ വിതരണം ചെയ്ത്/ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവായ തുക റീ ഇംപേഴ്സ്മെന്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 പെൻഷൻ ഫണ്ട് സംബന്ധിച്ച ചട്ടങ്ങൾ പാലിക്കുന്നില്ല

1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ പതിനഞ്ച് ശതമാനം പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ കൊടുക്കേണ്ടതാണ് എന്നും ചട്ടം 8(1) പ്രകാരം പ്രസ്തുത വിഹിതം അതതുമാസത്തെ ശമ്പളത്തോടൊപ്പം മുനിസപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് അതത് മാസം തന്നെ 15ാം തീയതിക്ക് മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വയ്ക്കുന്നതിലേക്കായി ഡയറക്ടർക്ക് അയച്ച് കൊടുക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫറോക്ക് നഗരസഭയിൽ അതത് മാസത്തെ ശമ്പള ബില്ലിനൊപ്പം പെൻഷൻ വിഹിതം പിൻവലിക്കുകയോ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുകയോ ചെയ്യുന്നില്ല. ശമ്പള ബിൽ പിൻവലിച്ചതിന് ശേഷം പിന്നീടാണ് തുക പിൻവലിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നത്. 2021-22 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| ശമ്പള മാസം | അടവാക്കിയ ആകെ വിഹിതം | അടവാക്കിയ തീയതി |
|---|---|---|
| 03/2021 | 55899 | 17.05.2021 |
| 04/2021 | 56697 | 18.05.2021 |
| 05/2021 | 56697 | 08.06.2021 |
| 06/2021 | 56697 | 27.07.2021 |
| 07/2021 | 63356 | 01.09.2021 |
| 08/2021 | 73484 | 23.09.2021 |
| 09/2021 | 75443 | 11.10.2021 |
| 10/2021 | 75116 | 17.11.2021 |
| 11/2021 | 69070 | 09.12.2021 |
| 12/2021 | 68590 | 12.01.2022 |
| 01/2022 | 68590 | 09.02.2022 |

| | | |
|---|---|---|
| 02/2022 | 69031 | 04.03.2022 |
| ആകെ | 788670 | |

1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഓരോ പെൻഷണർക്കും അനുവദിച്ച ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, പെൻഷൻ, കുടിശ്ശികയുൾപ്പെടെ ഒരു വർഷം പ്രതിമാസ പെൻഷൻ നൽകുന്നതിനാവശ്യമായ തുക എന്നീ ഇനങ്ങളിലായി വേണ്ടി വരുന്ന മൊത്തം തുക ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് പിൻവലിച്ച് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് അയച്ച കൊടുക്കേണ്ടതാണ്. പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നല്ലകുന്നതിന് വേണ്ടി നഗരസഭ സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്നും പെൻഷൻ വിതരണത്തിനായി ഡയറക്ടർ അനുവദിക്കുന്ന തുക ഈ ഫണ്ടിൽ വരവു വയ്ക്കേണ്ടതാണെന്നും, ഈ ഫണ്ടിലെ പണം പെൻഷൻ ആനുകൂല്യം നൽകുന്നതിനല്ലാതെ മറ്റൊരു ആവശ്യത്തിനു ഉപയോഗിക്കാൻ പാടില്ല എന്നും മേൽ ചട്ടത്തിലെ ചട്ടം 10ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫറോക്ക് നഗരസഭയിൽ ഇതു വരെ ചട്ടപ്രകാരം പെൻഷൻ ഫണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. സേവനത്തിൽ നിന്ന് വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ സെയ്തലവി. പി എന്നവർക്ക് ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, പെൻഷൻ, ഉൽസവബത്ത എന്നീ ഇനങ്ങളിലായി 2021-22 സാമ്പത്തിക വർഷം ആകെ 605288/- രൂപ നൽകിയിട്ടുണ്ട്. നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നാണ് മേൽ തുക നൽകിയിട്ടുള്ളത്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ചട്ടം 9(3) പ്രകാരം എത്ര തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭയ്ക്ക് ലഭിച്ചു എന്നുള്ള വിവരവും ഈയിനത്തിൽ എത്ര തുക ലഭിക്കുവാനുണ്ട് എന്നുള്ള വിവരവും ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 22/21-22, തീയതി 03.10.2022) മറുപടി ലഭിച്ചിട്ടില്ല. പെൻഷൻ വിഹിതം ഒടുക്ക്, പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം എന്നിവ സംബന്ധിച്ച് ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് നാളിതുവരെ നഗരസഭയ്ക്ക് ലഭിച്ച തുകയെയും, ലഭിക്കുവാനുള്ള തുകയെയും സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ചട്ടവിരുദ്ധമായി ഇൻക്രിമെന്റ് അനുവദിച്ചു

ഫറോക്ക് നഗരസഭയിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് (ഗ്രേഡ് II) ആയി ജോലി ചെയ്യുന്ന ശ്രീമതി രസ്ന.പി എന്നവരുടെ പ്രൊബേഷൻ 31.07.2019 തീയതിയിൽ പൂർത്തീകരിച്ചതായി ഉത്തരവായിട്ടുണ്ട് (നഗരകാര്യ ഡയറക്ടറുടെ 08.01.2021ലെ ഇ5/18/182/20 നമ്പർ ഉത്തരവ്). അതു പ്രകാരം അവർക്ക് ഇൻക്രിമെന്റ് അനുവദിച്ച് 2019 ജൂലായ് മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഇൻക്രിമെന്റ് അരിയർ ബിൽ തയ്യാറാക്കി 03.04.2021ലെ 22100004 നമ്പർ വൌച്ചർ പ്രകാരം 19,002/- രൂപ അനുവദിച്ചിട്ടുണ്ട് (ചെക്ക് നമ്പർ 042837/03.04.2021).

കെ.എസ്.ആർ ഭാഗം 1, ചട്ടം 31ലെ സർക്കാർ തീരുമാനം 2 പ്രകാരം ടിയാരിക്ക് പ്രൊബേഷൻ പൂർത്തീകരണത്തിന് ശേഷമുള്ള ഇൻക്രിമെന്റിന് 31.07.2019 മുതലേ അർഹതയുള്ളൂ എങ്കിലും 01.07.2019 മുതൽ ഇൻക്രിമെന്റ് അനുവദിച്ച് താഴെ പറയും പ്രകാരം അധിക തുക നൽകിയിട്ടുണ്ട്.

| 2019 ജൂലായ് മാസത്തെ ശമ്പളം | | | |
|---|---|---|---|
| ഇൻക്രിമെന്റ് അനുവദിക്കുന്നതിന് മുൻപ് നൽകിയത് | ഇൻക്രിമെന്റ് അനുവദിച്ച് നൽകിയത് | യഥാർത്ഥത്തിൽ അർഹതയുള്ളത് (പഴയ നിരക്കിൽ 30 ദിവസത്തേക്കും പുതിയ നിരക്കിൽ 1 ദിവസത്തെയും) | അധികം നൽകിയത് |

| | | | |
|---|---|---|---|
| 27360 [22800 (അടിസ്ഥാന ശമ്പളം ) + 4560 (ഡി.എ) ] 20% | 28080 [23400 (അടിസ്ഥാന ശമ്പളം) + 4680 (ഡി.എ) ] | 27383 [22819(അടിസ്ഥാന ശമ്പളം ) + 4564 (ഡി.എ) ] | 697 [28080 – 27383 ] |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് ഏൻക്വയറി നമ്പർ 16/21-22, തീയതി 03.10.2022). ചട്ട വിരുദ്ധമായി അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 പാച്ചാക്കൽ ചീർപ്പ് ഡെപ്പോസിറ്റ് പ്രവൃത്തി - സെന്റേജ് ചാർജ്ജ് അധിക നിരക്കിൽ ഈടാക്കി,പ്രവൃത്തി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 264/22 പാച്ചാക്കൽ ചീർപ്പ് |
| വകയിരുത്തിയ തുക | 890000(ധന കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് തുക | 890000 |
| ബിൽ നമ്പർ/തീയ്യതി | 83/30-3-22 |

ഫറോക്ക് മുനിസിപ്പാലിറ്റിയിലെ പാച്ചാക്കൽ ചീർപ്പിന് MS ഷട്ടറും Hoist Mechanism വും ഘടിപ്പിക്കുകയാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി 890000 രൂപയുടെ എസ്റ്റിമേറ്റ് ജലസേചന വകുപ്പിന്റെ മലമ്പുഴ മെക്കാനിക്കൽ വിഭാഗം തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയതു പ്രകാരം എസ്റ്റിമേറ്റ് തുക 691025 രൂപയും 13.78% സെന്റേജ് ചാർജ്ജായ 95223 രൂപയും ഉൾപ്പെടെ 786248 രൂപയും 12% ജി.എസ്.ടി പ്രൊവിഷനായി 94349.76 രൂപയും 9402.24 രൂപ റൗണ്ടിങ്ങും ഉൾപ്പെടെ 890000 രൂപ ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു.

പ്രവൃത്തി നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 1601.4 പ്രകാരവും 17.01.2018 ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 4.76 , 16-4-2018 ലെ സ.ഉ(സാധാ)നം/1069/2018 ത.സ്വ.ഭ.വ എന്നിവ പ്രകാരവും പി.ഡബ്ല്യു.ഡി. മാന്വൽ ജലസേചന വകുപ്പിനും ബാധകമായതിനാൽ എസ്റ്റിമേറ്റ് , പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ഈടാക്കാൻ പാടില്ല. എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജ് മാത്രമേ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതുള്ളൂ.
2. സ.ഉ.(കൈ) നം.2018/ത.സ്വ.ഭ.വ തീയ്യതി.29-1-18 ഖ.11.2 (ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ഈ പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ നഗരസഭ ജലസേചന വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
3. മേൽ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിച്ചതായ വിവരങ്ങൾ ഫയൽ പ്രകാരം ലഭ്യമല്ല. പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/30-9-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദനീയമായ 10 ശതമാനത്തിൽ അധികമായി അടച്ച തുക ജലസേചന വകുപ്പിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ

വിവരം ലഭ്യമാക്കുന്നതുവരെ 890000 രൂപ തടസ്സത്തിൽ വെക്കുന്നു.

1-22 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ മുഖേന മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം/തീയ്യതി |
|---|---|---|---|---|
| 1 | 15/22 ഘടകസ്ഥാപനങ്ങളുടെയും സ്ട്രീറ്റ് ലൈറ്റിന്റെയും വൈദ്യുതി ബിൽ അടവാക്കൽ | 1710000 (മെയിന്റനൻസ് ഗ്രാന്റ്) | 1710000 | 36/12-11-21 |
| 2 | 218/22 ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ കൗൺസിലർമാർക്ക് റാക്ക് സൗകര്യം മെച്ചപ്പെടുത്തൽ | 500000(മെയിന്റനൻസ് ഗ്രാന്റ്) +500000 (തനതു ഫണ്ട്)= 100000 | 000500 (മെയിന്റനൻസ് ഗ്രാന്റ്) | 76/25-3-22 |
| 3 | 54/22 പുതിയ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 303079(തനതു ഫണ്ട്)+1196921 (മെയിന്റനൻസ് ഗ്രാന്റ്)= 1500000 | 223846(മെയിന്റനൻസ് ഗ്രാന്റ്) | 61/21-2-22 |

ക്രമ നം 1 പ്രോജക്ട് മുഖേന ഏപ്രിൽ 2021 മുതൽ ഒക്ടോബർ 2021 വരെ ഘടകസ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ തനതുഫണ്ടിൽ നിന്നും ചെലവായ 369383 രൂപയും തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ചെലവായ 1284908 രൂപയും വീണ്ടും തുക കൈമാറേണ്ടതിനാൽ പ്രൊജക്ടിൽ വകയിരുത്തിയ ബാക്കി തുകയായ 55709രൂപയും ഉൾപ്പെടെ 1710000രൂപയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്.

ക്രമ നം 2 പ്രോജക്ട് മുഖേന ഓഫീസ് സൗകര്യം മെച്ചപ്പെടുത്താനും കൗൺസിലർമാർക്ക് റാക്ക് സൗകര്യം മെച്ചപ്പെടുത്താനുമായി പ്രൊജക്ട് വച്ച് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്. ക്രമ നം 3 പ്രോജക്ട് മുഖേന മുനിസിപ്പാലിറ്റി പരിധിയിൽ പുതിയ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിനായി 223846 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.കൈ നം.17/2018 ത.സ്വ.ഭ.വ തീയ്യതി 2-2-2018ലെ ഖണ്ഡിക 13.6 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപനമേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ

സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

സേവന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന ആവർത്തന സ്വഭാവമുള്ള ചെലവായ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, ആസ്തി സംരക്ഷണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടത്താൻ പാടില്ല. കൂടാതെ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക മുൻകൂറായി പിൻവലിക്കാനും പാടില്ല. ക്രമ നംപർ 2,3 പ്രോജക്ടുകളും മേൽ നിർദ്ദേശിച്ച പ്രോജക്ടിൽ ഉൾപ്പെടുന്നില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (35/3-10-22) മറുപടി നൽകിയിട്ടില്ല. ക്രമനമ്പർ 1 പ്രോജക്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ബിൽ ഇനത്തിൽ ചെലവഴിച്ച തുക 1340617 രൂപ (1284908 രൂപയും മുൻകൂറായി പിൻവലിച്ച 55709 രൂപയിൽ സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ബിൽ ഇനത്തിൽ ചെലവഴിച്ചതുൾപ്പെടെയുള്ള തുക ) ക്രമ നം.2,3 എന്നിവ പ്രകാരമുള്ള 723846 രൂപയും ഉൾപ്പെടെ 2064462 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലടക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ഫറോക്ക് നഗരസഭയുടെ 21-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | എഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 166/21-22<br>C.D.S ഓഫീസ് നവീകരണം | 361099<br>തനത്ഫണ്ട്<br>ചെക്ക് നം. 638057/31.3.22 | AE/FM/147/21-22 /8.3.19<br>Mbook. 73/21-22<br>Mbook.240/20-21<br>Mbook. 200/20-21 | 12 മാസം<br>9.3.19<br>31.12.21 | പി. എ. സി തുക 500000 രൂപയുടെ (3% 15000രൂപ |

| | | | | | |
|---|---|---|---|---|---|
| 2 | 167/21-22<br>എം.ആർ.എഫ്<br>പൂർത്തീകരണം | 536732<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>ബിൽനം 325/19.3.22 | AE/FM/107/20-21 /28.10.20<br>Mbook. 143/ 20-21<br>Mbook.240/20-21<br>Mbook.41/21-22 | 6മാസം<br>28.10.20<br>3.12.21 | പി. എ. സി തുക 1710657.82 രൂപ യുടെ (3%) രൂപ<br>51319 |
| | | | | ആകെ | 66319 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചത് വിശദീകിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പിഴയിനത്തിൽ 66319 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 പൊതുമരാമത്ത് പ്രവർത്തികളുടെ നടത്തിപ്പിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 21-22 വർഷത്തെ പൊതുമരാമത്ത് പ്രോജക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെപ്പറയുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ടെണ്ടർ രജിസ്റ്റർ പൂർണ്ണമല്ല

4. സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്തുന്നില്ല.

4. റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

രജിസ്റ്ററുകളുടേയും രേഖകളുടേയും പരിപാലനം സംബന്ധിച്ച അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-25 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകത- അധിക തുക നൽകിയത് -12637/-

പ്രൈസ് സോഫ്റ്റ് വെയർപ്രകാരം താഴെപ്പറയുന്ന ഇനങ്ങൾക്ക്, 31.06 % നിരക്കിൽ കോസ്റ്റ് ഇൻഡക്സ്, ഓവർഹെഡ് ചാർജ്ജ് 10% കരാറുകാരന്റെ ലാഭം 10% എന്നിവയുൾപ്പടെ നൽകാവുന്ന നിരക്ക് ടി ഇനങ്ങളുടെ നേരെ രേഖപ്പെടുത്തിയിരിക്കുന്നതാണ്.

| ഐറ്റം.നം | Rate |
|---|---|
| 11.1.1 .1 | 487.51/cum |

| | |
|---|---|
| 11.4.1.1 | 6974.53/cum |
| 11.4.2.1 | 6849.39/cum |
| 12.7 | 68153. 68/ Tonne |

എന്നാൽ 92/21-22, എന്ന പ്രോജക്ടിൽ (വല്ലോടിപ്പാടം ഡ്രെയിനേജ്) ഓരോ ഐറ്റത്തിനും 10% ഓവർഹെഡ് ചാർജ്ജ് നൽകേണ്ടതിനു പകരം, 20% എന്ന തോതിൽ ഓവർഹെഡ് ചാർജ്ജ് കണക്കാക്കുകയും, ഈ തുകയുടെ 10% കരാറുകാരന്റെ ലാഭവും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. അതായത് ഓരോ ഐറ്റത്തിനും 10% അധികമായി അനുവദിച്ചതായി കാണുന്നു. അതുകൊണ്ട് തന്നെ മേൽ പ്രവൃത്തിയിൽ ടി ഇനങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരം അധികനിരക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം | ഐറ്റം നം | Quantity/rate (OH20%+10%C.P) നിരക്കിൽനൽകിയത്. | Quantity/rate(OH 10%+10% C.P) നിരക്കിൽനൽകേണ്ടത് | അധികനിരക്കിൽ നൽകാനിടയായ തുക |
|---|---|---|---|---|
| 1. 92/22 | 11.1.1.1 | 24.150 Cum @531.83/cum= 12843.69 | 24.150cum@ 487.51/cum =11773.36 | 1070.33 |
| | 11.4.1.1 | 3.875cum @7608.57/cum=29483.20 | 3.875cum@6974.53/ Cum= 27026.30 | 2456.9 |
| | 11.4.2.1 | 10.600cum @7472.06/cum= 79203.83 | 10.600cum@6849.39/cum = 72603.53 | 6600.3 |
| | 12.7 | 0.405tonne @ 74349.47/ Tonne = 30111.53 | 0.405tonne@68153. 68/ Tonne = 27602.24 | 2509.29 |
| Total | | | | 12636.82 |

പ്രസ്തുത ഇനങ്ങളിൽ അധികനിരക്കിൽ തുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്. ഇപ്രകാരം പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അധിക നിരക്കിൽ ഡാറ്റാ പ്രോസസ് ചെയ്ത് വരുന്നത് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്. കൂടാതെ ഓഡിറ്റ് വർഷം തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ഇത്തരത്തിൽ അധികനിരക്ക് നൽകിയ പ്രവർത്തികൾ ഇനിയുമുണ്ടോ എന്ന് പരിശോധിക്കേണ്ടതും അധികതുക അനുവദിച്ചിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. പ്രൈസിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളുടെ കൃത്യത എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്

1-26 എം.ആർ.എഫ്.നിർമ്മാണം. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട്നമ്പർ, പേര്, : 126/19 (So) - എം.ആർ.എഫ്. പൂർത്തീകരണം

അടങ്കൽ -2006600

ചെലവ്തുക - 536732 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ബിൽനം - 325/19.3.22

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഫറോക്ക് നഗരസഭയിലെ അജൈവമാലിന്യങ്ങൾ കലക്ട് ചെയ്ത് വേർതിരിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി തയ്യാറാക്കിയതാണ് പ്രോജക്ട്. നിലവിലുള്ള എം.ആർ.എഫിനോട് ചേർന്ന് ഒരു എം ആർ.എഫ് നിർമ്മിക്കാനും മുൻസിപ്പാലിറ്റിയുടെ ഷോപ്പ് ബിൽഡിംങിന് പിൻവശത്തുള്ള കെട്ടിടം ഉയർത്തി മേൽഭാഗത്ത് ഷീറ്റ് റൂഫിംങ് നൽകി പ്ളാസ്റ്റിക്ക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയത്. ടി എസ്സ് നം (21558/2020-21 .28.5.20) പ്രകാരം 2006600 രൂപ അടങ്കലിൽ അംഗീകാരം കിട്ടിയ പ്രോജക്ട് ടെണ്ടർ കുറവ് തുക രേഖപ്പെടുത്തിയ (1710657.82 ) ശ്രീ.റഫീഖ് റഹമാൻ .ടി.പി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഫയലിലെ തിയ്യതി രേഖപ്പെടുത്താത്ത എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 1717000 തുകയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എസ്ററിമേറ്റ് പുതുക്കിയതിന് കൃത്യമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് നം AE/FM/107/20-21/28.10.20 പ്രകാരം ഏറ്റെടുത്ത പ്രവർത്തി 3.12.21 ന് പൂർത്തിയാക്കിയിട്ടുണ്ട്. 20-21 സാമ്പത്തികവർഷത്തിൽ പാർട്ട് ബില്ലായി 1007534 അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 29.9.2022 ന് പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ മുൻസിപ്പാലിറ്റിയുടെ ഷോപ്പ് ബിൽഡിംങിന് പിൻവശത്തുള്ള കെട്ടിടം ഉയർത്തി മേൽഭാഗത്ത് ഷീറ്റ് റൂഫിംങ് നൽകി പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കെട്ടിടത്തിൽ ( M Book 240/20-21, 143/ 20-21,41/21-22 പ്രകാരം) പുതുതായി പാകിയ സെറാമിക് ടൈൽ ഒരു ഭാഗം പൊട്ടിപ്പൊളിഞ്ഞ് താഴേക്ക് ഇടിഞ്ഞു പോയ രീതിയിൽ ഉപയോഗപ്രദമല്ലാതായി കിടക്കുന്നത് കണ്ടു. ഇതിൽനിന്നും ടൈൽ പാകൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ശാസ്ത്രീയതയോടയല്ല നടത്തിയതെന്ന് വ്യക്തമാണ്. 3.12.21 ന് പണി പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തി നിർമ്മാണത്തിലെ അശാസ്ത്രീയത മൂലം ഉപയോഗപ്രദമല്ലാതായി. ഫൈനൽ ബില്ലിൽ കരാറുകാരന് തുക നൽകിയപ്പോൾ ടൈൽ പ്രവ്യത്തിയുടെ പ്രസ്തുത വിസ്തൃതി ഒഴിവാക്കിയിട്ടുണ്ട് (57.98$m^2$ നുപകരം 12.09$m^2$@888). നിലവിൽ ഈ കെട്ടിടം ഹരിത കർമ്മസേനയുടെ ഓഫീസായി പ്രവർത്തിക്കുകയാണ്. പ്രവ്യത്തിയിലുണ്ടായ മേൽ അപാകത കരാറുകാരനെ കൊണ്ട് പരിഹരിപ്പിക്കാൻ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. ഇലക്ട്രിഫിക്കേഷനുവേണ്ടി 250000 രൂപ (പ്രോജക്ട്നം (156 /21-22) വകയിരുത്തി പ്രവർത്തി പൂർത്തിയാക്കിയെങ്കിലും ഇലക്ട്രിസിറ്റി കണക്ഷൻ ഇതുവരെ ലഭ്യമല്ല. 3.12.21 ന് പണി പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തി ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിച്ചിട്ടില്ല എന്നു കാണുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ഫ്ലോറിംഗ് പ്രവ്യത്തി കരാറുകാരനെ കൊണ്ട്/കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നടത്തി വിവരം അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-27 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല

ഫറോക്ക് നഗരസഭയുടെ 2021-22 ചെലവ് പത്രിക, വിവിധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ ലക്ഷ്യം കൈവരിയ്ക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 20-21 വർഷത്തിൽ നിന്നും സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ 21-22 വർഷവുംനടപ്പിലാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 203/21-22 | ടേക്ക് എ ബ്രേക്ക്-ടോയ്ലറ്റ് കം കഫ്റ്റീരിയ നിർമ്മാണം | 1200000 | 804000(ധനകാര്യകമ്മീഷൻ അവാർഡ്). 396000 കേന്ദ്രാവിഷ്കൃത ഫണ്ട്. |

| | | | |
|---|---|---|---|
| 206/21-22 | പുളിക്കത്തറ എസ്സ്.സി കോളനി നവീകരണം | 600000 | എസ്സ്.സി.പി |
| 181/21-22 | ചീർപ്പിങ്ങൽ കുന്നത്ത്റോഡ് | 380000 | തനത് ഫണ്ട് |
| 182/21-22 | പോറ്റയിൽ ഫുട്പാത്ത് കം ഡ്രെയിനേജ് | 153497 | ധനകാര്യകമ്മീഷൻ അവാർഡ് |
| 183/21-22 | കുഴിയമ്പാടം റോഡ് | 473000 | തനത്ഫണ്ട് |
| 192/21-22 | കുടിവെള്ളപദ്തികളുടെ മെയിന്റൻസ് | 500000 | 76440(ധനകാര്യകമ്മീഷൻ അവാർഡ് )തനത് ഫണ്ട് 423560 |

അതാത് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആവുന്നതിന്റെയും ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടപ്പിലാക്കാത്തതിന്റെയും കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. സ.ഉ(കൈ) നം .17/2018/ത.സ്വ.ഭ.വ തിയ്യതി. 02. 02.2018 ഖ.13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നിർവഹണത്തിനുശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. ഇവിടെ പ്രോജക്ടുകളുടെ മോണിറ്ററിംഗ് ശരിയായി വിലയിരുത്തുന്നതിൽ വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർവർഷങ്ങളിൽ മോണിറ്ററിംഗ് ശക്തിപ്പെടുത്തി പദ്ധതി പണം പാഴായിപ്പോകുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 1-28 വീടുകളിലേക്ക് പോർട്ടബിൾ ബയോബിൻ നൽകൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 250/2022(സ്പിൽഓവർ)<br>വീടുകളിലേക്ക് പോർട്ടബിൾ ബയോബിൻ |
| വകയിരുത്തിയ തുക<br>ആകെ | 1) 22,93,500 (ധന കമ്മീഷൻ അവാർഡ് )<br>2) 19,25,000 (കേന്ദ്രാവിഷ്കൃതം)<br>3) 12,81,500 ( സംസ്ഥാനാവിഷ്കൃതം)<br>55,00,000/- |
| ചെലവ് തുക<br>ആകെ | 1) 11,00,000 (ധന കമ്മീഷൻ അവാർഡ്)<br>11,00,000/- |

| | |
|---|---|
| ബിൽ നം/തിയ്യതി | 21160547003001170693/21.02.2022 (11,00,000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫയൽ നം. | FG2/628/21 |

മാലിന്യ സംസ്കരണത്തിനായി നഗരസഭ തയ്യാറാക്കി 29.6.2018 ന് സ്റ്റേറ്റ് ശുചിത്വ മിഷൻ അംഗീകരിച്ച DPR പ്രകാരം 23.3% (2097000/-രൂപ) സ്റ്റേറ്റ് ഷെയർ അഥവാ ശുചിത്വ മിഷൻ ഷെയറും 35% (3150000/-രൂപ) സെൻട്രൽ ഷെയർ അഥവാ സ്വച്ച്ഭാരത് മിഷൻ ഫണ്ടും ബാക്കിയുള്ള 41.7% ( 3753000/-രൂപ) UBL ഷെയർ എന്നിങ്ങനെ ആകെ 9000000/- രൂപ ചെലവഴിച്ച്, മാലിന്യ സംസ്കരണം വീടുകളിൽ എന്ന ലക്ഷ്യത്തിനായി 5000 എണ്ണം ബയോബിന്നുകൾ വാങ്ങി വീടുകളിൽ വിതരണം ചെയ്യേണ്ടതുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ 2020-21 വർഷത്തിൽ പ്രൊജക്ട് നം. 293/2021 പ്രകാരം മുൻവർഷത്തെ 32,134/-രൂപ ഉൾപ്പെടെ ആകെ 9,81,000/- രൂപ ചെലവഴിച്ച് 545 ബയോബിന്നുകൾ വാങ്ങിയിട്ടുണ്ട്,( 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-25 കാണുക ). ഇതിന് തുടർച്ചയായി 2021-22 ൽ 250/2022 നമ്പർ സ്പിൽഓവർ പ്രൊജക്ട് പ്രകാരം മേൽ ചേർത്ത വിധം അടങ്കൽ വെച്ച് തുക ചെലവഴിച്ച് 3055 ബയോബിന്നുകൾ വാങ്ങിയിട്ടുണ്ട്.

പ്രോജക്ട് ഫയലിലെ ഓഫീസ് കുറിപ്പിൽ സെക്രട്ടറിയുടെ 24.3.21 ലെ കുറിപ്പ് പ്രകാരം ബയോബിൻ വാങ്ങാൻ ശുചിത്വമിഷനിൽ നിന്നും (യൂണിറ്റിന് 2200/- രൂപ നിരക്കിൽ ) Dsm/kkd/ts/31.1.21 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും , കൗൺസിലിന്റെ 26.2.21 ലെ 5-ാം നമ്പർ തീരുമാനപ്രകാരം Accredited Agency-യായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ നിന്നും വാങ്ങാവുന്നതാണെന്ന് തീരുമാനിച്ചതായും , ആയത് പ്രകാരം കൊണ്ട് വന്ന Sample പരിശോധിച്ച് ശുപാർശ ചെയ്യാൻ ചെയർമാൻ/കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കുറിപ്പിന് താഴെയായി നഗരസഭാ ചെയർമാന്റെ കുറിപ്പിൽ സാമ്പിൾ ഗുണനിലവാരമില്ലെന്നും , SEUF ന് പകരം മറ്റ് സർക്കാർ ഏജൻസികളെ ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതായും പറയുന്നു. എന്നാൽ ഈ സാമ്പിളിന്റെ ഗുണനിലവാരം പർച്ചേസിംഗ് കമ്മിറ്റിയോ, നഗരസഭാ കൗൺസിലോ പരിശോധിച്ചതായി കാണുന്നില്ല.

21.11.2021, 21.01.2022 എന്നീ തിയ്യതികളിലെ നഗരസഭാ കൗൺസിൽ തീരുമാനങ്ങൾ, 19.01.2022 ലെ പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എന്നിവ പ്രകാരം ബയോബിൻ Accredited Agency-യായ IRTC യിൽ നിന്നും വാങ്ങാൻ തീരുമാനിക്കുകയും , സാമ്പിൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റിന് 1800/- രൂപ നിരക്കിൽ 3055 ബയോബിന്നുകൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ( സപ്ലൈ ഓർഡർ നം. FG/ 628/21/19.2.2022) . ബയോബിന്നുകൾ ലഭ്യമാക്കുന്നതിന് IRTC യ്ക്ക് മേൽ ചേർത്ത വിധം 11,00,000/- രൂപ മുൻകൂറായി നൽകി. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. മേൽ ചേർത്ത പ്രകാരം ഗുണനിലവാരമില്ലെന്ന കാരണത്താൽ ഒഴിവാക്കിയ, SEUF പരിശോധനയ്ക്ക് സമർപ്പിച്ച ബയോബിൻ സാമ്പിളിന്റെ ഗുണനിലവാരം , പർച്ചേസിംഗ് കമ്മിറ്റിയോ, നഗരസഭാ കൗൺസിലോ പരിശോധിച്ചതായി കാണുന്നില്ല. ( 2020-21 വർഷത്തിൽ പ്രൊജക്ട് നം. 293/2021 പ്രകാരം മുൻവർഷത്തെ 32,134/-രൂപ ഉൾപ്പെടെ ആകെ 9,81,000/- രൂപ ചെലവഴിച്ച് 545 ബയോബിന്നുകൾ വാങ്ങിയിരിക്കുന്നത് ഇതേ SEUF എന്ന ഏജൻസിയിൽ നിന്നുമാണ്)

2. നഗരസഭാ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതെന്ന് പ്രോജക്ട് റിപ്പോർട്ടിലോ , ഓഫീസ് കുറിപ്പിലോ രേഖപ്പെടുത്തിയിട്ടില്ല

3. IRTC നഗരസഭയ്ക്ക് താഴെ ചേർത്ത ടാക്സ് ഇൻവോയ്സുകൾ പ്രകാരം 3055 എണ്ണം ബയോബിന്നുകൾ കൈമാറിയിട്ടുണ്ട്.

I) B2B 307/14.3.22 – 18,00,000/- ( 1000 എണ്ണം)

Ii) B2B 402/24.3.22- 22,98,600/- ( 1277 എണ്ണം)

Iii) B2B 431/30.3.22 – 9,00,000/-( 500 എണ്ണം)

Iv) B2B 219/3.8.22 – 4,73,400/-( 263 എണ്ണം)

V) B2B 220/3.8.22- 27,000/- ( 15 എണ്ണം)

(ആകെതുക-- 5499000/- ആകെ എണ്ണം- 3055 എണ്ണം)

നഗരസഭ സെക്രട്ടറിയുടെ 01.08.2022 ലെ എഫ്.ജി2/628/2021 നമ്പർ നടപടിക്രമം പ്രകാരം ബയോബിന്നുകളുടെ വിതരണത്തിന് ശ്രീ. വത്സൻ, ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയിൽ ഒരെണ്ണം പോലും നാളിതുവരെയായി വിതരണം ചെയ്തിട്ടില്ല. . 01.10.2022 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ 3055 എണ്ണം ബയോബിന്നുകളും, ബിന്നുകളിൽ ഉപയോഗിക്കേണ്ട ചാക്കുകണക്കിന് കമ്പോസ്റ്റ് മീഡിയവും നഗരസഭയുടെ ഓഡിറ്റോറിയത്തിനകത്തും പുറത്തുമായി കൂട്ടിയിട്ടതായി കണ്ടു. ഗുണഭോക്തൃലിസ്റ്റ് തയ്യാറായിട്ടില്ലെന്നതാണ് ഇവ വിതരണം ചെയ്യാത്തതിന് കാരണമായി പ്രാദേശിക പരിശോധന സമയത്ത് കൂടെ വന്ന നഗരസഭയിലെ ആരോഗ്യവിഭാഗത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഹരീഷ് എന്നവർ അറിയിച്ചത്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, നഗരസഭാ കൗൺസിൽ അംഗീകരിച്ച് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി ബയോബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. അതുവരെ ചെലവ് തുക 11,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-29 എസ് സി വിവാഹധനസഹായം - ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കാതെ തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 62/2022<br>എസ് സി വിവാഹധനസഹായം |
| വകയിരുത്തിയ തുക<br>ആകെ | 6,00,000/- (എസ് സി പി)<br>6,00,000/- |
| ചെലവ് തുക<br>ആകെ | 6,00,000(എസ് സി പി)<br>6,00,000/- |
| ബിൽ നം/തിയ്യതി | 1. 163/9.2.22(525000/-)<br>2. 303/17.3.22 (75000/-) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

എസ് സി വിവാഹധനസഹായമിനത്തിൽ 2021-22 വർഷത്തിൽ മേൽ ചേർത്ത വിധം തുക ചെലവഴിച്ചതിൽ 09.02.2022 ലെ സാംഖ്യ ബിൽ പ്രകാരം 75,000/- രൂപ ശ്രീ. രാമചന്ദ്രൻ എന്നവർക്ക് അക്കൗണ്ട് നം. 40710205334 (SBIN 0070859) ലേക്ക് തുക Transfer Credit ചെയ്ത് നൽകിയിട്ടുണ്ട്. രജിസ്റ്ററിൽ ഈ തുകയുടെ കൈപ്പറ്റ് ഉണ്ട്. എന്നാൽ ടിയാൻ സമർപ്പിച്ച അപേക്ഷയോടൊപ്പം ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സമർപ്പിക്കുകയോ, അക്കൗണ്ട് വിവരങ്ങൾ അപേക്ഷയിൽ എഴുതിച്ചേർക്കുകയോ ചെയ്തിട്ടില്ല. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാവാതെ എങ്ങിനെയാണ് മേൽ കാണിച്ച അക്കൗണ്ടിലേക്ക് തുക നൽകിയതെന്ന് വ്യക്തമല്ല. ഇത് കൂടാതെ ബില്ലിൽ ചേർത്ത ഗുണഭോക്താവിന്റെ മൊബൈൽ നമ്പറും ശ്രീ. രാമചന്ദ്രൻ എന്നവരുടേത് അല്ലെന്ന് കാണുന്നു. അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഗുണഭോക്താവിന്റെ ബാങ്ക് വിശദാംശം സംബന്ധിച്ച രേഖ (തുക അക്കൗണ്ടിൽ ലഭ്യമായതിന്റെ) പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 75,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-30 എസ് സി വിദ്യാർത്ഥികൾക്ക് പഠനസഹായം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 66/2022<br>എസ് സി വിദ്യാർത്ഥികൾക്ക് പഠനസഹായം |
| വകയിരുത്തിയ തുക | 765000 (എസ്.സി.പി) |
| ചെലവ് തുക | 765000 (എസ്.സി.പി) |
| ബിൽ നം/തിയ്യതി | 1) 190/20.2.22 (425000/-)<br>2) 302/17.3.22 (240000/-)<br>3) 371/27.3.22 (100000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

വിദ്യാർത്ഥികൾക്ക് പഠനസൗകര്യം വർദ്ധിപ്പിക്കാൻ 2021-22 വർഷം മേൽ പ്രൊജക്ട് പ്രകാരം 33 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി മാർഗ്ഗരേഖ (സ ഉ (കൈ)നം. 22/2018/തസ്വഭവ തി.14.02.2018) പ്രകാരം വിദ്യാർത്ഥികളുടേയും കോഴ്സുകളുടേയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താൻ നിർദ്ദേശിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സൂക്ഷിച്ച രജിസ്റ്ററിൽ ബിൽ നം.(3) പ്രകാരം തുക നൽകിയ പ്രിൻസി. എൻ പി,( MCom- 30,000/-) അതുല്യ ബൈജു (BBA- 20000/-), ആശിഷ് (MSW-30000/-) എന്നിവരുടെ വിവരങ്ങൾ ഒന്നും തന്നെ ചേർത്തിട്ടില്ല. കൂടാതെ ഇവർക്ക് തുക ലഭിച്ചതിന് കൈപ്പറ്റും ഫയലിലോ രജിസ്റ്ററിലോ സൂക്ഷിച്ചിട്ടില്ല.

2. പദ്ധതി മാർഗ്ഗരേഖ പ്രകാരം പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. എന്നാൽ 2020-21 അധ്യയന വർഷം പഠനം അവസാനിക്കുന്ന കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് അധ്യയന വർഷം അവസാനിച്ചതിന് ശേഷം 20/2/2022 ലെ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര് | നൽകിയ തുക |
|---|---|---|
| 1 | ആര്യാദാസ് | 20,000/- |
| 2 | കാവ്യ . കെ | 20,000/- |
| 3 | ഇന്ദു കെ | 30,000/ |

3. നഗരസഭാ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ക്രമ നം.(1) പരാമർശത്തിൽ വിവരിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, അധ്യയന വർഷം കഴിഞ്ഞ് ധനസഹായം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

1-31 കുടിവെള്ള ടാങ്ക് വിതരണം- എസ് സി- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 64/2022<br>കുടിവെള്ള ടാങ്ക് വിതരണം -എസ് സി- |
| വകയിരുത്തിയ തുക<br>ആകെ | 1) 201950 (എസ് സി പി)<br>2) 52650 (തനത് ഫണ്ട്)<br>3) 38000 ( ഗുണഭോക്തൃവിഹിതം)<br>292600/- |
| ചെലവ് തുക<br>ആകെ | 1) 201950 (എസ് സി പി)<br>2) 48849 (തനത് ഫണ്ട്)<br>3) 38000 ( ഗുണഭോക്തൃവിഹിതം)<br>288799/- |
| സാംഖ്യ ബിൽ നം/തിയ്യതി | 1.378/28.3.2022 (201950/-)<br>2.379/28.3.2022 (48849/-)<br>3.385/28.3.2022 (38000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

കുടിവെള്ള ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും Headco സമർപ്പിച്ച ക്വട്ടേഷനിൽ 3100/- , 3480/- എന്നിങ്ങനെ തുക രേഖപ്പെടുത്തിയതിൽ ഏറ്റവും കുറഞ്ഞ തുകയായ 3100/- രൂപയുടെ Lotus Model വാട്ടർ ടാങ്കിന്റെ

ക്വട്ടേഷൻ അംഗീകരിച്ചു. ഹെൽത്ത് ഇൻസ്പെക്ടറുടെ 6.12.2021 ലെ FH1/12260/21 കത്തിൽ Headcoയോട് 3100/- രൂപയുടെ വാട്ടർടാങ്ക് 20.12.2021 ന് പർച്ചേഴ്സ് കമ്മിറ്റിക്ക് മുൻപാകെ ഹാജരാക്കാൻ ആവശ്യപ്പെടുകയും, 20.12.2021 ലെ പർച്ചേഴ്സ് കമ്മിറ്റി യോഗം പ്രസ്തുത ടാങ്കിൽ തൃപ്തി രേഖപ്പെടുത്തിയതിന്റെയും , 21.12.2021 ലെ കൗൺസിൽ തീരുമാന(നം. 19)ത്തിന്റെയും അടിസ്ഥാനത്തിൽ Headcoയിൽ നിന്ന് 3100/- രൂപയുടെ Lotus Model വാട്ടർ ടാങ്ക് വാങ്ങാൻ നഗരസഭ തീരുമാനിക്കുകയുണ്ടായി.

24.12.2021 ലെ FH1/13988/2021 നമ്പർ സപ്ലൈ ഓർഡറിൽ വിതരണം ചെയ്യേണ്ട സാധനത്തിന്റെ വിശദീകരണത്തിൽ Indian Bureau Of Standard നിലവാരത്തിലുള്ള ടാങ്കുകളാണ് വിതരണം ചെയ്യാൻ ആവശ്യപ്പെട്ടത്. ആയതിന് Headco സമർപ്പിച്ച മറുപടിയിൽ 3100/- രൂപയുടെ വാട്ടർ ടാങ്ക് ISO Certified ആണെന്നും , ISI Certified ടാങ്കിന്റെ വില 3480/-രൂപയാണെന്നും ,3100/- രൂപയ്ക്ക് Lotus ISO Model മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും 3480/- രൂപയ്ക്ക് ISI Model വിതരണം ചെയ്യാൻ തയ്യാറാണെന്നും അറിയിച്ചു. 19.02.2022 ലെ പർച്ചേഴ്സ് കമ്മിറ്റി തീരുമാനത്തിൽ ടെണ്ടർ ലംഘനം ആയതിനാൽ മേൽ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനും റീടെണ്ടർ ക്ഷണിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. എന്നാൽ ഈ തീരുമാനം കൗൺസിൽ അംഗീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 19.02.2022 ലെ പർച്ചേഴ്സ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് സമർപ്പിച്ച 3800/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 76 എണ്ണം വാട്ടർടാങ്കുകൾ വിതരണം ചെയ്തതിന് ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് സമർപ്പിച്ച 288799/- രൂപയുടെ ഇൻവോയ്സ് നം.222/26.3.22 ന് മേൽ കാണിച്ച പ്രകാരം 288799/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ആദ്യ ടെണ്ടർ നോട്ടീസിൽ ISI Model ടാങ്കുകളാണ് നഗരസഭയ്ക്ക് പ്രൊജക്ട് നിർവ്വഹണത്തിന് വേണ്ടതെന്ന് പറഞ്ഞിരുന്നു. , Headco സമർപ്പിച്ച ക്വട്ടേഷനിൽ 3100/- രൂപയുടെ ടാങ്ക് ISO Model ആണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിരുന്നിട്ടും 20.12.2021 ലെ പർച്ചേഴ്സ് കമ്മിറ്റി , 21.12.2021 ലെ നഗരസഭ കൗൺസിൽ എന്നിവ Headcoയിൽ നിന്നും ഈ ടാങ്ക് തന്നെ വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല.

2. Headco സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം ISI Mark ഉള്ള ടാങ്കിന്റെ വില 3480/- രൂപയായിരുന്നു. എന്നാൽ 19.02.2022 ലെ പർച്ചേഴ്സ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ റീടെണ്ടർ പ്രകാരം 3800/- രൂപ നിരക്കിലാണ് ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും ടാങ്ക് വാങ്ങിയത്. ടാങ്ക് ഒന്നിന് 320/- രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. ഇത്തരത്തിൽ 76 ടാങ്കുകൾ വാങ്ങിയതിന് നഗരസഭയ്ക്ക് 24320/- രൂപ (320x76= 24320/-) യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3. സബ്സിഡി മാർഗ്ഗരേഖ 22/2018/തസ്വഭവ തി. 14.2.2018 പ്രകാരം ടാങ്ക് വിതരണത്തിന് പട്ടികജാതി വിഭാഗത്തിന് പരമാവധി സബ്സിഡി , യൂണിറ്റിന്റെ വിലയുടെ 75% മാത്രമാണ്. 3480/- രൂപ യൂണിറ്റ് കോസ്റ്റിന് ലഭ്യമാകുമായിരുന്ന ടാങ്കിന്റെ പരമാവധി സബ്സിഡി തുക 2610/- രൂപയും ഗുണഭോക്തൃവിഹിതം 870/- (3480-2610) രൂപയുമാണ്. എന്നാൽ 500/- രൂപ നിരക്കിലാണ് 76 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിരിക്കുന്നത്. ഈ ഇനത്തിൽ 28120/- രൂപ (370 X 76= 28120/-) നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

4. നഗരസഭാ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ക്രമനമ്പർ 2 പ്രകാരമുള്ള നഷ്ടത്തുകയായ 24320/- രൂപ 19.02.2022 ലെ പർച്ചേഴ്സ് കമ്മിറ്റി അംഗങ്ങളിൽ നിന്നും ക്രമനമ്പർ 3 പ്രകാരമുള്ള നഷ്ടത്തുകയായ 28120/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ് (ഖണ്ഡിക 3-3 കാണുക).

1-32 റിംഗ് കമ്പോസ്റ്റ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 278/2022<br>റിംഗ് കമ്പോസ്റ്റ്- അപാകതകൾ |
| വകയിരുത്തിയ തുക<br>ആകെ | 1) 9,15,219(ധന കമ്മീഷൻ അവാർഡ്)<br>2) 10,11,150(കേന്ദ്രാവിഷ്കൃതം)<br>3) 6,73,731 ( സംസ്ഥാനാവിഷ്കൃതം)<br>4) 2,88,900 (ഗുണഭോക്തൃവിഹിതം)<br>2889000/- |
| ചെലവ് തുക<br>ആകെ | 1) 9,15,219(ധന കമ്മീഷൻ അവാർഡ്)<br>2) 10,11,150(കേന്ദ്രാവിഷ്കൃതം)<br>3) 6,73,731 ( സംസ്ഥാനാവിഷ്കൃതം)<br>4) 2,88,900 (ഗുണഭോക്തൃവിഹിതം)<br>2889000/- |
| Sanction Order/date | 1. 251/4.3.22 (521250/-)<br>2. 253/4.3.22 ( 291250/-)<br>3. 276/10.3.22 (312750/-)<br>4. 252/4.3.22 ( 437500/-)<br>5. 272/10.3.22 ( 174750/-)<br>6. 271/10.3.22 ( 262500/-)<br>7. 366/26.3.22 ( 207731/-)<br>8. 365/26.3.22 ( 311150/-)<br>9. 367/26.3.22 ( 288900/-)<br>10. 364/26.3.22 (81219/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| ഫയൽ നം. | FH1/12266/21 |

സമഗ്ര മാലിന്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ മുകളിൽ കാണിച്ചവിധം തുക ചെലവഴിച്ച് RAIDCO എന്ന സ്ഥാപനത്തിൻ നിന്നും യൂണിറ്റ് ഒന്നിന് 2500/- രൂപ നിരക്കിൽ 1156 എണ്ണം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വാങ്ങി വിതരണം ചെയ്യാനാണ് പദ്ധതി ലക്ഷ്യം വെച്ചത്.

നഗരസഭ ഹെൽത്ത് ഓഫീസർ ഒന്നാം കക്ഷിയായും RAIDCO കോഴിക്കോട് ബ്രാഞ്ച്മാനേജർ രണ്ടാം കക്ഷിയായും ഒപ്പുവെച്ച കരാർ മുദ്രപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം രണ്ടാം കക്ഷി ഗുണഭോക്താക്കളുടെ വീടുകളിൽ നേരിട്ട് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകേണ്ടതും , ആയത് തൃപ്തികരമായി സ്ഥാപിച്ച കിട്ടിയെന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രം രണ്ടാം കക്ഷി ഹാജരാക്കുന്ന മുറയ്ക്ക് മാത്രമാണ് RAIDCO യ്ക്ക് പണം നൽകേണ്ടതെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 2,5,6,10 എന്നീ നഗരസഭ ഡിവിഷനുകളിലെ പതിനൊന്ന് ഗുണഭോക്താക്കളുടെ വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതായുള്ള കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. എന്നിട്ടും RAIDCO യ്ക്ക് മുഴുവൻ തുകയും നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച്

നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച്, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതു വരെ 11 റിംഗ് കമ്പോസ്റ്റുകളുടെ വിലയായ 27500/-രൂപ (11x 2500= 27500/-) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-33 നഗരസഭയിലേക്കുള്ള ഫർണ്ണിച്ചർ വാങ്ങലുകൾ - സർക്കാർ നിർദ്ദേശമനുസരിച്ച് നടത്തുന്നില്ല

2021-22 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ മുഖേന നഗരസഭയിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. തൻവർഷത്തെ പ്രോജക്ടുകളിലെ പ്രധാന വാങ്ങലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | വാങ്ങിയ സാധനങ്ങൾ | വാങ്ങുന്നതിന് സ്വീകരിച്ച നടപടിക്രമം | ചെലവഴിച്ച തുക | ലഭ്യമാക്കിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 218/22ഓഫീസ് സൗകര്യം മെച്ചത്തെടുത്തൽ കൗൺസിലർമാർക്ക് റാക്ക് സൗകര്യം ഒരുക്കൽ | അലൂമിനിയം ഫാബ്രിക്കേറ്റഡ് വർക്ക്, വുഡൺ പീജിയൺ ഹോൾ ഷെൽഫ്, വുഢൺ ടേബിൾ, സ്റ്റീൽ ചെയർ | നേരിട്ട് വാങ്ങി | 500000 | കാഡ്കോ |
| 2 | 12/22ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | സ്റ്റീൽ കാബിനറ്റ്,എക്സിക്യൂട്ടീവ് ചെയർ,ലോബി ചെയർ,ക്ളറിക്കൽ ഓഫീസ് ചെയർ,വിസിറ്റേഴ്സ് ചെയർ,എക്സിക്യൂട്ടീവ് ടേബിൾ | ടെണ്ടർ | 496732 | കാഡ്കോ |
| 3 | 13/22 കുടുംബശ്രീ ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | സ്ററീൽ കാബിനറ്റ്,എക്സിക്യൂട്ടീവ് ടേബിൾ,ക്ളറിക്കൽ ടേബിൾ,ക്ളസ്റ്റർ ടേബിൾ, ക്ളറിക്കൽ ഓഫീസ് ചെയർ | ടെണ്ടർ | 155615 | കാഡ്കോ |
| 4. | 246/22 റെക്കോർഡ് റൂം ഫയൽ സ്റ്റോറേജ് സിസ്റ്റം (സ്പിൽ ഓവർ) | അലൂമിനിയം ഫാബ്രിക്കേറ്റഡ് റെക്കോർഡ് റൂം വർക്ക് | നേരിട്ട് വാങ്ങി | 294106 | കാഡ്കോ |
| 5. | 235/22 (സ്പിൽ ഓവർ) സ്കൂളുകൾക്ക് ഫർണ്ണിച്ചർ | സ്റ്റീൽ ഫ്രെയിം ബെഞ്ച്, സ്റ്റീൽ ഫ്രെയിം ഡെസ്ക് | നേരിട്ട് വാങ്ങി | 677877 | കാഡ്കോ |

പ്രൊജക്ട് നിർവ്വഹണത്തിന്റെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഒറ്റ ടെണ്ടറിലൂടെ സാധനങ്ങൾ വാങ്ങാത്തതിനാൽ ധനനഷ്ടം

മേൽപറഞ്ഞ പ്രോജക്ടുകളിൽ ഫർണീച്ചറുകൾ വാങ്ങിയിരിക്കുന്നത് വെവ്വേറെ ടെൻഡറുകൾ

ക്ഷണിച്ചാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖപ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽതന്നെ നടത്തി ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി കൈക്കൊള്ളാൻ നിഷ്കർഷിക്കുന്നുണ്ട്. ആയത് ഇവിടെ പാലിക്കപ്പെട്ടതായി കാണുന്നില്ല. ഒന്നിച്ചുള്ള വാങ്ങലിന്റെ അഭാവംമൂലം ഫർണീച്ചറുകൾ മൊത്തത്തിൽ വാങ്ങുമ്പോഴുള്ള വിലക്കുറവ് നഷ്ടപ്പെടുന്ന എന്നതിന് പുറമെ ഓരോ പ്രൊജക്ടുകൾക്കും പ്രത്യകം ടെൻഡറുകൾ ക്ഷണിക്കുന്നതു മൂലം നഗരസഭയ്ക്ക് അധിക ചെലവിനും കാരണമാകുന്നു.

2. സർക്കാർ അനുമതി നൽകാത്ത ലിസ്റ്റിലുള്ള സാധനങ്ങൾ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി.

ക്രമ നമ്പർ 1,4,5 പ്രോജക്ടുകൾ മുഖേന കാഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. തദ്ദേശസ്വയം സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതിയുള്ള സാധനങ്ങളുടെ ഉത്തരവുകളും അനുബന്ധ ലിസ്റ്റും ഓരോ വർഷവും സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് പുതുക്കി നൽകിയിട്ടുണ്ട്. അപ്രകാരം പുതുക്കി നൽകിയ ഉത്തരവിന്റെ അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങളാണ് ക്രമ നം 1, 4 പദ്ധതിയിൽ തുക വകയിരുത്തി വാങ്ങിയിരിക്കുന്നത്. കാഡ്കോയിൽ നിന്നും ഫർണ്ണീച്ചറുകൾ വാങ്ങുമ്പോൾ അവർ സ്വന്തം നിലയിൽ നിർമ്മിക്കുന്ന സ്റ്റീൽ, വുഡൻ ഫർണ്ണീച്ചറുകൾ മാത്രമേ ക്വട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുവാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. കാഡ്കോ സ്വന്തമായി നിർമ്മിക്കാത്തതും മറ്റ് ബ്രാൻഡുകളിലുള്ളതുമായ സാധനങ്ങൾ മേൽ കൊടുത്തിരിക്കുന്ന ലിസ്റ്റുകൾ പ്രകാരം വാങ്ങിയതായി കാണുന്നു. കാഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ അവർ വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് മാനേജിംഗ് ഡയറക്ടറിൽനിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. അത്തരം സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചതായും കാണുന്നില്ല. സർക്കാർ അനുമതി നൽകാത്ത ലിസ്റ്റിലുള്ള സാധനങ്ങൾ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

3.ഫർണ്ണിച്ചർ സ്റ്റോക്ക് ക്രമപ്രകാരമല്ല.

ഓരോ വർഷവും പദ്ധതി പ്രകാരം വാങ്ങിക്കുന്ന ഫർണ്ണിച്ചറുകൾ സ്ഥാപനത്തിന്റെ നിലവിലുള്ള ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്ത് ഇഷ്യൂ കാണിക്കേണ്ടതിനു പകരം പദ്ധതി പ്രകാരം വാങ്ങിയ എല്ലാ സാധനങ്ങളും സ്റ്റോക്കിലെടുക്കുന്ന പൊതുവായ സ്റ്റോക്ക് രജിസ്റ്ററുകളിലാണ് സ്റ്റോക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ നിലവിലുള്ള ഫർണ്ണിച്ചറുകൾ, കേടായത്, പുതിയതായി വാങ്ങേണ്ടത് എന്നിവയുടെ കൃത്യമായ കണക്കെടുപ്പ് നടത്താതെയാണ് ഫർണ്ണിച്ചറുകൾ വാങ്ങിക്കൂട്ടുന്നതെന്ന് കാണാം.

4.ഫർണ്ണിച്ചറുകൾ വാങ്ങിയത് ഇനം തിരിച്ച് ജംഗമവസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

29-9-2022 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ ക്രമ നമ്പർ 2 പ്രോജക്ട് മുഖേന വാങ്ങിയ 10 എക്സിക്യൂട്ടീവ് ചെയറിൽ 7 എണ്ണവും കൗൺസിൽ ഹാളിന്റെ സന്ദർശന മുറിയിൽ കൂട്ടിയിട്ടിരിക്കുന്നതായും ,10 എക്സിക്യൂട്ടീവ് ടേബിളിൽ 2 എണ്ണം നഗരസഭയുടെ തറ നിലയിലെ ഓഫീസ് വരാന്തയിൽ കൂട്ടിയിട്ടിരിക്കുന്നതായും കണ്ടു. ക്രമ നം.4 പ്രകാരം റെക്കോർഡ് റൂമിലേക്ക് വാങ്ങിയ പല ഷെൽഫുകളിലും ഫയലുകൾ അടുക്കിവയ്ക്കാതെ പഴയ അലമാരകളിൽ തന്നെ മുന്നിലുള്ള വരാന്തയിലായി നിറഞ്ഞു കിടക്കുന്നതായി കണ്ടു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/3-8-22)മറുപടി ലഭ്യമാക്കിയിട്ടില്ല . വരും വർഷങ്ങളിലെ പർച്ചേസുകൾ മേൽ നിർദ്ദേശം പാലിച്ചുകൊണ്ട് നടത്തേണ്ടതും മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-34 സ്കൂളുകൾക്ക് ഫർണ്ണിച്ചർ നൽകൽ - യഥാസമയം നടപടി സ്വീകരിക്കാത്തതിനാൽ ധന

നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 235/22 സ്കൂളുകൾക്ക് ഫർണ്ണിച്ചർ |
| വകയിരുത്തിയ തുക | 679188(തനത് ഫണ്ട്) |
| ചെലവ് തുക | 677877 |
| സാംഖ്യ ബിൽ നമ്പർ/തീയ്യതി | 405/30-3-22 |

പ്രൊജക്ട് പ്രകാരം പുസ്തകം വെക്കാൻ സൗകര്യമുള്ള തട്ടോടുകൂടിയ ഡെസ്കും (നീളം -1.85 മീറ്റർ,വീതി- 40 സെ.മീ,കനം- 2.5 സെ.മീ ഉയരം-72 സെ.മീ, ഫ്രെയിം 3 എം.എം പൈപ്പ് ഉപയോഗിച്ച്, ഉള്ളിലെ തട്ട് 40 സെ.മീ വീതി, 2.5 സെ.മീ കനം ,തടി ഇരുൾ/മഹാഗണി) , ചാരോടുകൂടിയ ബെഞ്ചും (നീളം 1.85 മീറ്റർ, വീതി 30 സെ.മീ, 2.5 സെ.മീ കനം, ചാരുഭാഗം - 1.5-.75 പൈപ്പ് 3 എണ്ണം 1.85 മീ നീളത്തിൽ, 35 സെ.മീ ഉയരത്തിൽ (32 എം.എം Square പൈപ്പ്) എന്നിവ 679188 രൂപ അടങ്കലിൽ ഇ-ടെണ്ടർ വിളിച്ചു. 13-3-2020ന് തുറന്ന ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത (സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബെഞ്ചും ഡെസ്കും അടങ്ങുന്ന ഒരു യൂണിറ്റിന് 6762 രൂപ) സാംകോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ 2/23-3-2020 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാന പ്രകാരവും 2/25-3-2020ലെ കൗൺസിൽ തീരുമാന പ്രകാരവും തെരഞ്ഞെടുക്കുകയും ചെയ്തു. പിന്നീട് ഏകദേശം 2 മാസം കഴിഞ്ഞ് 8-5-2020നാണ് സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകാമെന്ന് സെക്ഷൻ നോട്ടെഴുതി വച്ചതും സൂപ്രണ്ടും സെക്രട്ടറിയും ഒപ്പുവച്ച് അംഗീകരിച്ചതും. ഇ-ടെണ്ടർ പരസ്യത്തിൽ കാണിച്ച ദൃഢതാ കാലം(പൂർത്തീകരിക്കേണ്ട കാലാവധി) 15 ദിവസമാണ് . ഇതിനുള്ളിൽ വർക്ക് ഓർഡർ നൽകേണ്ടതാണ്. ഇതിനിടയിൽ 26-5-2020ന് സെക്രട്ടറി സ്ഥലം മാറി പോയി. സെക്രട്ടറി വർക്ക് ഓർഡർ നൽകാനുത്തരവിട്ടെങ്കിലും സെക്ഷൻ വർക്ക് ഓർഡർ നൽകാതെ സ്ഥാപനം സമർപ്പിച്ച ടെണ്ടറിന്റെ (അഡ്രസ്സ് ഉൾപ്പെടുന്ന) ഫിസിക്കൽ കോപ്പി ലഭ്യമായിട്ടില്ലാത്തതും സെക്രട്ടറി സ്ഥലം മാറി പോയതിനാൽ ഇ-ടെണ്ടർ ലോഗിനിൽ നിന്നും സ്ഥാപനത്തിന്റെ കോൺടാക്ട് അഡ്രസ്സ് ലഭ്യമായിട്ടില്ലാത്തതുമാണ് യഥാർത്ഥ വർക്കർ ടെൻഡർ നൽകുന്നതിന് തടസ്സമായത് എന്നാണ് സെക്ഷൻ നോട്ടെഴുതിയിരിക്കുന്നത്. ആയത് അന്നത്തെ സെക്രട്ടറി ശരി വയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനായി സെക്രട്ടറിക്ക് ലോഗിൻ ഐ.ഡി,പാസ് വേർഡ് എന്നിവ എടുത്തെങ്കിലും തുടർപ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനും പദ്ധതി റിവൈസ് ചെയ്ത് അക്രഡിറ്റഡ് ഏജൻസി മുഖേന വാങ്ങുന്നതിന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മുമ്പാകെ അജണ്ട തയ്യാറാക്കി സമർപ്പിക്കുന്നു എന്ന് തീയ്യതി വെക്കാതെ സെക്ഷൻ നോട്ടെഴുതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സമയത്ത് യഥാസമയം വർക്ക് ഓർഡർ നൽകാത്തതിന് സെക്ഷനോട് വിശദീകരണം ആവശ്യപ്പെട്ടു കാണുന്നില്ല. തുടർന്ന് 8-10-2019ന് സെക്ഷൻ വീണ്ടും സ്റ്റാന്റിംഗ് കമ്മറ്റിക്ക് അജണ്ട തയ്യാറാക്കി സമർപ്പിക്കുകയും ആയത് സൂപ്രണ്ടും സെക്രട്ടറിയും അംഗീകരിക്കുകയും ചെയ്തു. 4/26-10-21ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാന പ്രകാരം പഴയ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനും ഫർണ്ണിച്ചർ സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനും കൗൺസിലിലേക്ക് ശുപാർശ ചെയ്തു. 15/28-10-21 തീരുമാന പ്രകാരം പ്രസ്തുത തീരുമാനം

കൗൺസിൽ അംഗീകരിച്ചു. ഇക്കാര്യത്തിൽ കൗൺസിലും വിശദീകരണം ആവശ്യപ്പെട്ടുകാണുന്നില്ല. തുടർന്ന് സിഡ്കോയിൽ നിന്നും താഴെ കൊടുത്തിരിക്കും പ്രകാരം വകയിരുത്തിയ തുകയിൽ ലിമിറ്റ് ചെയ്ത് 73 ബഞ്ചും 61 ഡെസ്കും വാങ്ങി ഫറോക്ക് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് നൽകിയിട്ടുണ്ട്.

| ക്രമ നം | ഇനം- സ്പെസിഫിക്കേഷൻ ഉൾപ്പെടെ | എണ്ണം | വില-(ജി.എസ്.ടി.ഉൾപ്പെടെ) | ആകെ |
|---|---|---|---|---|
| 1 | Steel Frame Bench With Wooden Top 180x30x45 Cm | 73 | 4544.18 | 331725.14 |
| 2 | Steel Frame Desk With Wooden Top 180x42.5x75 Cm | 61 | 5674.62 | 346151.82 |
| | | | | 677876.96 |

സിഡ്കോയിൽ നിന്നും നേരിട്ട് ബഞ്ചും ഡെസ്കും വാങ്ങിയപ്പോൾ ഹെഡ്മിസ്ട്രസ്സ് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമല്ല വാങ്ങിയിരിക്കുന്നത്. നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബെഞ്ചും ഡെസ്കും അടങ്ങുന്ന ഒരു യൂണിറ്റിന് 6762 രൂപ സാംകോ എന്ന ഏജൻസി ക്വാട്ടുചെയ്ത സ്ഥാനത്താണ് ഇവിടെ മറ്റൊരു സ്പെസിഫിക്കേഷനിലുള്ള ഒരു യൂണിറ്റിന് 10218.8 രൂപ അതായത് 3456.8 രൂപ അധിക വില നൽകേണ്ടി വന്നത്. മാത്രമല്ല യഥാസമയം ടെണ്ടറുകളിൽ തുടർനടപടി സ്വീകരിച്ചിരുന്നുവെങ്കിൽ വകയിരുത്തിയ തുകയ്ക്ക് നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബെഞ്ചും ഡെസ്കും 100 എണ്ണം (679188/6762= 100.44) വീതം ലഭിക്കുകയും ചെയ്യുമായിരുന്നു. യഥാസമയം വർക്ക് ഓർഡർ നൽകുന്നതിൽ വീഴ്ച വരുത്തി നഗരസഭയ്ക്ക് ധന നഷ്ടം വരുത്തിവച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (36/3-10-22) മറുപടി നൽകിയിട്ടില്ല.

സാം കോ ഇൻഡസ്ട്രീസിന് ബെഞ്ചും ഡസ്കും അടങ്ങുന്ന ഒരു യൂണിറ്റിന് ക്വാട്ട് ചെയ്ത തുകയും സിഡ്കോയിൽ നിന്നും ബെഞ്ചും ഡസ്കും അടങ്ങുന്ന ഒരു യൂനിറ്റ് വാങ്ങിയ വിലയും തമ്മിൽ 3456.8 രൂപ വ്യത്യാസമുണ്ട് (10218.8-6762). ഇത് പ്രകാരം 61 യൂണിറ്റ് വാങ്ങിയതിൽ തന്നെ 210862.8 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

പ്രസ്തുത അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. അല്ലാത്ത പക്ഷം സെക്ഷന്റെയും സൂപ്രണ്ടിന്റെയും സെക്രട്ടറിയുടെയും അശ്രദ്ധ കാരണം ഈയിനത്തിൽ വന്ന നഷ്ടം കണക്കാക്കി മൂന്ന് പേരിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-35 എസ്.എസ്.കെ പദ്ധതി - പട്ടികജാതി ഉപപദ്ധതി- എസ്.സി.പി ഫണ്ട് വകയിരുത്തിയതിന്റെ കൃത്യത വ്യക്തമല്ല.

13-ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – സ.ഉ. (കൈ)നം.17/2018/തസ്വഭവ തീയ്യതി 2.2.2018 ഖ 5.2.2 പ്രകാരം, മുനിസിപ്പാലിറ്റികൾ വകയിരുത്തുന്ന എസ്.എസ്.എ പ്രൊജക്ടുകളുടെ വിഹിതങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ എസ്.സി.പി ഫണ്ട് വകയിരുത്താൻ പാടുള്ളൂ. പ്രൊജക്ട് നം.

36/22 എസ്.എസ്.കെ ഫണ്ട് വിഹിതം നൽകൽ എസ്.സി പ്രകാരം, 500000/- രൂപ വികസനഫണ്ട് (എസ്.സി.പി) വകയിരുത്തുന്നതിനും ചെലവഴിച്ചതിനും മേൽ നിർദ്ദേശം അടിസ്ഥാനമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (2/30-9-22) മറുപടി നൽകിയിട്ടില്ല. ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതും ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കാനുതകും വിധമുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-36 മുനിസിപ്പൽ ഓഫീസിലെ വൈദ്യുതി ബിൽ അടവാക്കൽ - വികസന ഫണ്ടിൽ നിന്നും തുക വകമാറ്റി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നംപർ/പ്രൊജക്ടിന്റെ പേര് | 14/22 മുനിസിപ്പൽ ഓഫീസിലെ വൈദ്യുതി ബിൽ അടവാക്കൽ |
| വകയിരുത്തിയ തുക | 195921 (വികസന ഫണ്ട്) + 154079(മെയിന്റനൻസ് ഗ്രാന്റ്)= 350000 |
| ചെലവു തുക/ഫണ്ടിനം | 195921 (വികസന ഫണ്ട്) |
| ബിൽ നംപർ | 37/12-11-21 |

2021 ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെയുള്ള ഓഫീസിലെ വൈദ്യുതി ബിൽ തുക നഗരസഭാ ഫണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കും പ്രകാരം അടവാക്കിയിട്ടുള്ളതാണ്.

| മാസം | വൈദ്യുതി ബിൽ തുക |
|---|---|
| ഏപ്രിൽ | 21020 |
| മെയ് | 28337 |
| ജൂൺ | 21236 |
| ജൂലൈ | 29303 |
| ആഗസ്റ്റ് | 51298 |
| സെപ്റ്റംബർ | 22191 |
| ഒക്ടോബർ | 22536 |
| ആകെ | 195921 |

സെക്രട്ടറിയുടെ മേൽ പ്രോജക്ട് മുഖേന വികസന ഫണ്ടിൽ നിന്നും 195921 രൂപ പിൻവലിച്ച് മേൽ വൈദ്യുതി ബിൽ ഇനത്തിൽ ചെലവായ തുക നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് റീക്രൂപ്പ്

ചെയ്തു. ഓഫീസിന്റെ ദൈനം ദിന ആവശ്യങ്ങൾക്കുള്ള കണ്ടിജന്റ് ചെലവുകൾക്ക് തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടതിന് പകരമായി വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ വികസന ഫണ്ട് പ്രൊജക്ട് മുഖേന മേൽ ഇനത്തിന് ചെലവഴിച്ചത് പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

വികസന ഫണ്ടിൽ നിന്നും തുക വക മാറ്റി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (5/30-9-22) മറുപടി നൽകിയിട്ടില്ല. ഓഫീസിന്റെ വൈദ്യുതി ബിൽ ഇനത്തിൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 195921 രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കേണ്ടതാണ്.

## 1-37 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമതികൾക്ക് കൈമാറിയില്ല

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർനടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 30.05.2009 ലെ ജി.ഒ (ആർ.റ്റി) 1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഫറോക്ക് നഗരസഭയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഇതു വരെ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ 23 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 4,91,433/- രൂപയും പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകുന്നതിനായി 1,72,200/-രൂപയും തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ അപാകതളെ കുറിച്ച് ഫറോക്ക് നഗരസഭയുടെ 2020-21 ലെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 1-41) പരാമർശിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെയും പരിഹരിക്കപ്പെട്ടിട്ടില്ല. പദ്ധതികളുടെ തുടർ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണികൾ, വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം എന്നിവ ഗുണഭോക്താക്കളുടെ ചുമതലയിൽ നടത്തുന്നതിനായി അടിയന്തിരമായി ഗുണഭോക്തൃസമതിതികൾ രൂപീകരിക്കുന്നതിന് 30.05.2022 ന് നടന്ന കൗൺസിൽ യോഗം തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (തീരുമാനം നമ്പർ 5) ആയത് നടപ്പാക്കിയിട്ടില്ല.

കുടിവെള്ള പദ്ധതികൾ അടിയന്തിരമായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുടർ വർഷങ്ങളിലെ ഈ ഇനത്തിലെ ചെലവ്, ഉദ്യോഗസ്ഥരുടെ ബാധ്യതയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-38 മഴക്കാല പൂർവ്വ ശുചീകരണം - പ്രവൃത്തി വിവരവും ചെലവു രേഖകളും ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ഫറോക്ക് നഗരസഭയിലെ 38 ഡിവിഷനുകളിലെ ആരോഗ്യ ശുചിത്വപോഷണ കമ്മിറ്റി അക്കൗണ്ടുകളിലേക്കായി 2021-22 സാമ്പത്തിക വർഷം ഓരോ ഡിവിഷനും 20,000/- രൂപ തോതിൽ ആകെ 7,60,000/- രൂപ നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

ഫയൽ നമ്പർ : എഫ്.എച്ച്1/ബി.6/11435/18

വൗച്ചർ നമ്പർ : 22100126തീയതി 22.05.2021 -3,80,000/-

22100169 തീയതി 11.06.2021 – 3,80,000/-

വാർഡ്തല പ്രവർത്തന രേഖയുടെ ആവശ്യകത അനുസരിച്ചാണ് മേൽ തുക ചെലഴിക്കേണ്ടത് എന്ന് 27.05.2021ലെ ജി.ഒ(ആർ.റ്റി) 1052/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. തുക ചെലവഴിക്കുന്നതിനായി ഫറോക്ക് നഗരസഭയിലെ വിവിധ ഡിവിഷനുകളിലെ ആരോഗ്യ ശുചിത്വ പോഷണ കമ്മിറ്റി വിളിച്ച് ചേർത്ത് ആക്ഷൻപ്ലാൻ തയ്യാറാക്കിയത് സംബന്ധിച്ച രേഖകളോ, ചെലവു രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ ശുചീകരണത്തിലെ പ്രധാനപ്പെട്ട പ്രവർത്തനമാണ് ഓടകളുടെ ശുചീകരണം. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളിൽ

ഉൾപ്പെടുത്തി ഫറോക്ക് നഗരസഭയിലെ വിവിധ ഡിവിഷനുകളിൽ 6,51,812/- രൂപ ചെലവഴിച്ച് ഓടകൾ ശുചീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന എന്തെല്ലാം പ്രവൃത്തികളാണ് ആരോഗ്യ ശുചിത്വപോഷണകമ്മിറ്റി അക്കൗണ്ടുകളിലേക്കായി നൽകിയ തുക ഉപയോഗിച്ച് നടത്തിയത് എന്ന് വ്യക്തമല്ല.

വാർഡ്തല ആക്ഷൻപ്ലാൻ , ചെലവു രേഖകൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 21/21-22, തീയതി 03.10.2022) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 7,60,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-39 കുളങ്ങളിലെ കരിമീൻ കൃഷി - സബ്സിഡി അനുവദിച്ചതിൽ അപാകത

| | |
|---|---|
| പ്രൊജക്റ്റ് | 283/2021-22, കുളങ്ങളിലെ കരിമീൻ കൃഷി -ബിൽ തുക നൽകൽ |
| അടങ്കൽ | 40,000/- (തനത് ഫണ്ട്) |
| ചെലവ് | 39,873/- (സാംഖ്യാ ബിൽ നം. 258/05.03.2022) |
| നിർവ്വഹണം | ഫീഷറീസ് സബ്ബ് ഇൻസ്പെക്ടർ |

2020-21 ൽ സുഭിക്ഷകേരളം പദ്ധതി പ്രകാരം രൂപീകരിച്ചതാണ് "വീട്ടുവളപ്പിൽ കരിമീൻ കൃഷി" എന്ന പദ്ധതി പ്രസ്തുത വർഷം ചില സാങ്കേതിക കാരണങ്ങളാൽ ധനസഹായം നൽകാൻ സാധിക്കാതിരുന്ന ഗുണഭോക്താവ് ശ്രീ ഷാനവാസൻ, ഷാ നിവാസ്, പുറ്റേക്കാട് എന്നയാൾക്ക് തദ്ദേശസ്ഥാപന വിഹിതം നൽകുന്നതിനായാണ് മേൽ പ്രൊജക്റ്റ് 2021-22 വർഷത്തിൽ ഉൾപ്പെടുത്തിയത്. 29.05.2020ലെ ജി.ഒ(ആർ.റ്റി) 1009/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച സുഭിക്ഷകേരളം പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ച് പദ്ധതിയുടെ ആകെ യൂണിറ്റ് കോസ്റ്റായ 1,50,000/- രൂപയുടെ 40% സബ്സിഡി അനുവദിക്കാവുന്നതും സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് വിഹിതം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതുമാണ്. പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ താഴെ പറയുന്നു.

1) ഗുണഭോക്താവിന് 20,000/- രൂപയുടെ കരിമീൻ മത്സ്യകുഞ്ഞുങ്ങളെ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുണ്ട് എന്ന് 2021-22 വർഷത്തേയ്ക്കായി തയ്യാറാക്കി പുതിയ പ്രൊജക്ടിന്റെ ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം യൂണിറ്റ് കോസ്റ്റിൽ 18,000/- രൂപ മാത്രമേ മത്സ്യ വിത്ത്/പൊരുന്ന മത്സ്യം ഇനത്തിൽ അനുവദനീയമായിട്ടുള്ളു ( മത്സ്യവിത്ത് 15,000/- + പൊരുന്ന മത്സ്യം 3,000/-)

2) പ്രൊജക്ടുമായി ബന്ധപ്പെട്ട് ആകെ 1,00,000/- രൂപയുള്ള പ്രവൃത്തികൾ ചെയ്തതിന്റെയും സാധനസാമഗ്രികൾ വാങ്ങിയതിന്റെയും ചെലവു രേഖകളാണ് ഗുണഭോക്താവ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത തുകയുടെ 40 ശതമാനത്തിന്റെ മൂന്നിൽ രണ്ട് വിഹിതമായ 26,667/- രൂപ മാത്രമേ തദ്ദേശസ്ഥാപന സബ്സിഡിയായി അനുവദിക്കാൻ പാടുള്ളു. എന്നാൽ അതിനു പകരം 39,873/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട് (13,206/- രൂപ അധികം)

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 23/21-22, തീയതി 03.10.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 39,873/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-40 തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭിക്കുന്നില്ല

ഫറോക്ക് നഗരസഭയുടെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വിവിധ മരുന്നു വാങ്ങൽ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വിതരണ സ്ഥാപനങ്ങൾക്ക് മുഴുവൻ തുക മുൻകൂറായി നൽകിയിട്ടും ആവശ്യമായ മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രൊജക്റ്റ് നമ്പർ : നം.21/21-22 (താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം)

നിർവ്വഹണോദ്യോഗസ്ഥൻ : സൂപ്രണ്ട്, ഗവർമ്മെണ്ട് താലൂക്ക് ഹെഡ്ക്വാർട്ടേർസ് ഹോസ്പിറ്റൽ

മരുന്ന് വിതരണ സ്ഥാപനം : കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്

നൽകിയ തുക : 10,56,185/- ( ബിൽ നം. 13/21-22തീയതി 06.10.2021, 3,92,077/-)

( ബിൽ നം. 25/21-22തീയതി 04.01.2022, 6,64,108/-)

ലഭിച്ച മരുന്നിന്റെ വില : 10,19,405/-

ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില : 36,780/-

2) പ്രൊജക്റ്റ് നമ്പർ : നം.30/21-22 (ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ)

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

മരുന്ന് വിതരണ സ്ഥാപനം : ഔഷധി

നൽകിയ തുക : 8,50,000/- ( ബിൽ നം. 01/2021-22 തീയതി 10.02.2021)

ലഭിച്ച മരുന്നിന്റെ വില : 8,25,273/-

ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില : 24,727/-

3) പ്രൊജക്റ്റ് നമ്പർ : നം.31/21-22 (ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ)

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

മരുന്ന് വിതരണ സ്ഥാപനം : ഹോംകോ

നൽകിയ തുക : 5,00,000/- ( ബിൽ നം. 02/2021-22 തീയതി 04.01.2000)

ലഭിച്ച മരുന്നിന്റെ വില : മരുന്നൊന്നും ലഭിച്ചിട്ടില്ല

ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില : 5,00,000/-

ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്തില്ല

ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അടിയന്തിര ചെലവുകൾ നടത്തുന്നതിനായി 18.05.2021ലെ 22100114 നമ്പർ വൗച്ചർ പ്രകാരം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ വൽസൻ.സി.കെ എന്നവർക്ക് തനതു ഫണ്ടിൽ നിന്ന് 25,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട് (ഫയൽ നമ്പർ എഫ്.എച്ച്1/7475/21, ചെക്ക് നമ്പർ 043468 തീയതി 18.05.2021). എന്നാൽ മുൻകൂർ തുക കൈപ്പറ്റി 16 മാസം കഴിഞ്ഞിട്ടും ആയത് സംബന്ധിച്ച ചെലവ് രേഖകൾ ഹാജരാക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്യാത്തതിന് വിശദീകരണം നൽകാനും, ചെലവു രേഖകൾ ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 18/21-22, തീയതി 03.10.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 25,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-42 ആരോഗ്യ പരിപാടികൾക്കും ആരോഗ്യ പരിശോധനയ്ക്കുമുള്ള വാഹനവാടക – അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | 20/2021-22 ( ദേശീയ ആരോഗ്യ പരിപാടിക്കും ആരോഗ്യ പരിശോധനയ്ക്കുമുള്ള വാഹനവാടക) |

| | | |
|---|---|---|
| അടങ്കൽ | 30,000/- (തനതു ഫണ്ട്) | |
| ചെലവ് | 30,000/- | സാംഖ്യ ബിൽ നം. 23/06.08.21, 4200/- രൂപ |
| | | സാംഖ്യ ബിൽ നം. 91/07.12.21, 3600/- രൂപ |
| | | സാംഖ്യ ബിൽ നം. 98/18.12.21, 2100/- രൂപ |
| | | സാംഖ്യ ബിൽ നം. 224/26.02.22, 4500/- രൂപ |
| | | സാംഖ്യ ബിൽ നം. 414/30.03.22, 15600/- രൂപ |

ഫറോക്ക് സി.എച്ച്.സി മെഡിക്കൽ ഓഫീസർ (ഗവർമ്മണ്ട് താലൂക്ക് ഹെഡ്ക്വാർട്ടേർസ് ഹോസ്പിറ്റൽ സൂപ്രണ്ട്) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) ആകെ ചെലവ് തുകയിൽ 22,200/- രൂപയുടെ ചെലവു രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളു.

2) വികലാംഗപെൻഷൻ അപേക്ഷകളിൻമേൽ പരിശോധന നടത്തുന്നതിനായി 2022 ജനവരി 13, 25, 27, 28 തീയതികളിൽ ഹെൽത്ത് ഇൻസ്പെക്ടമാർ ഉപയോഗിച്ച വാഹനത്തിന് വാടക നൽകുന്നതിനാണ് 3,000/- രൂപ ചെലവഴിച്ചിട്ടുള്ളത്. വികലാംഗ പെൻഷൻ അപേക്ഷകളുടെ പരിശോധന ഹെൽത്ത് ഇൻസ്പെക്ടർമാർ അവരുടെ ദൈനംദിന ജോലിയുടെ ഭാഗമായി ചെയ്യേണ്ട കാര്യമാണ്. ആരോഗ്യ പരിപാടികൾക്കും ആരോഗ്യ പരശോധനകൾക്കുമുള്ള വാഹനവാടക നൽകുന്നതിനായി ആവിഷ്കരിച്ച പ്രൊജക്റ്റിൽ ആയതിനുള്ള ചെലവ് ഉൾപ്പെടുത്തുന്നത് ശരിയല്ല.

അപാകതകൾക്ക് വിശദീകരണം നൽകാനും ശേഷിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 20/21-22,തീയതി 03.10.2022) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പരിശോധനയ്ക്ക് ഹാജരാക്കാത്ത വൗച്ചറുകളിലെ ചെലവു തുകയായ 7,800/- രൂപയും [ബിൽ നം. 23/06.08.21, 4200/- രൂപ +ബിൽ നം. 91/07.12.21, 3600/- രൂപ] വികലാംഗ പെൻഷൻ അപേക്ഷകളുടെ പരിശോധനയ്ക്കായി ചെലവഴിച്ച 3,000/- രൂപയും (ആകെ 11,400/-രൂപ)തടസ്സത്തിൽ വെയ്ക്കുന്നു.

1-43 മാലിന്യം നീക്കം ചെയ്യാൻ ഇ-ഓട്ടോ ഗുഡ്സ് വാങ്ങാൻ തുക നൽകി. വാഹനം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 141/2022<br>മാലിന്യം നീക്കം ചെയ്യാൻ ഇ-ഓട്ടോ ഗുഡ്സ് വാഹനം വാങ്ങാൻ |
| വകയിരുത്തിയ തുക<br>ആകെ | 1) 10,00,000(ധന കമ്മീഷൻ അവാർഡ്)<br>2) 500000 (തനത് ഫണ്ട്)<br>15,00,000/- |
| ചെലവ് തുക<br>ആകെ | 1) 10,00,000(ധന കമ്മീഷൻ അവാർഡ്)<br>2) 2,80,848 (തനത് ഫണ്ട്) |

| | |
|---|---|
| | 1280848/- |
| സാംഖ്യ ബിൽ നം/തീയ്യതി | 1) 376/28.3.2022 (1000000/-)<br>2) 377/28.3.2022 (280848/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഫറോക്ക് മുനിസിപ്പാലിറ്റി പരിധിയിലെ മാലിന്യം നീക്കം ചെയ്യാൻ വനിതകൾക്ക് ഉപയോഗിക്കാനായി ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. ആയതിനായി മുകളിൽ കാണിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

കേരളാ ഓട്ടോമൊബൈൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാഹനം വാങ്ങുന്നതിന് നഗരസഭാ കൗൺസിൽ 15.3.2022 ന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഇലക്ട്രിക്ക് ഓട്ടോ ഗുഡ്സ് വാഹനങ്ങൾ ലഭ്യമാക്കാനും , ബില്ലുകൾ സമർപ്പിക്കാനും സെക്രട്ടറി , കേരളാ ഓട്ടോമൊബൈൽ ലിമിറ്റഡിനോട് 17.3.2022 ലെ FG2/8465/2021 നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്ന് വീതം Kerala Neem G Electrical Pickup Van, Additional Batteries, Tubular Structure With Roof എന്നിവയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് കേരളാ ഓട്ടോമൊബൈൽ ലിമിറ്റഡ് സമർപ്പിച്ച ടാക്സ് ഇൻവോയിസ് (നം. SJ/VEH/638/21-22 Dated. 25.3.2022) പ്രകാരമുള്ള 1280848/-രൂപ 28.03.2022 ന് സെക്രട്ടറി കേരളാ ഓട്ടോമൊബൈൽ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ മൂന്ന് ഇ-ഓട്ടോ ഗുഡ്സുകളും അനുബന്ധ ഉപകരണങ്ങളും നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. സ്ഥാപനത്തിന് തുക മുൻകൂറായി നൽകാൻ നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക മുൻകൂർ നൽകിയതിന്റെയും വാഹനങ്ങൾ ലഭ്യമാവാത്തതിന്റെയും കാരണങ്ങൾ വിശദീകരിക്കേണ്ടതാണ്. വാഹനങ്ങൾ ലഭ്യമാവുന്നത് വരെ ചെലവ് തുകയായ 1280848/- രൂപ തടസ്സത്തിൽ വെക്കുന്നു. കൂടാതെ സർക്കാർ അനുമതിയില്ലാതെ തുക മുൻകൂറായി അനുവദിച്ചത് എപ്രകാരമെന്നും വിശദമാക്കേണ്ടതാണ്.

## 1-44 മാലിന്യ സംസ്കരണം- അവലോകനം

മാലിന്യ സംസ്കരണത്തിനായി നഗരസഭ തയ്യാറാക്കിയ DPR 29.6.2018 ന് സ്റ്റേറ്റ് ശുചിത്വ മിഷൻ അംഗീകരിച്ചു. DPR പ്രകാരം ആകെ Project Cost 3,59,42,990/- രൂപയാണ്. ആയതിൽ 23.3% ( 83,74,717/-(രൂപ) സ്റ്റേറ്റ് ഷെയർ അഥവാ ശുചിത്വ മിഷൻ ഷെയറും 35% (1,25,80,047/-(രൂപ) സെൻട്രൽ ഷെയർ അഥവാ സ്വച്ച്ഭാരത് മിഷൻ ഫണ്ടും ബാക്കിയുള്ള 41.7% ( 1,49,88,226/-(രൂപ) UBL ഷെയറുമാണ്. DPR പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടത് 2018-19, 2019-20, 2020-21 വർഷങ്ങളിലായിരുന്നു എന്നാൽ 2018-19 ൽ പദ്ധതികൾ തയ്യാറാക്കിയിരുന്നെങ്കിലും ആയവയിൽ ഒന്നുംതന്നെ നടപ്പിൽ വരുത്തിയിട്ടില്ല. 2019-20 സാമ്പത്തിക വർഷാവസാനം ആദ്യ ഗഡുവായി 1,04,83,373/- ശുചിത്വ മിഷനിൽ നിന്നും ലഭിച്ചതിന് ശേഷമാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം ലഭിച്ച DPR പ്രകാരം നഗരസഭ നടപ്പിലാക്കേണ്ട പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ഇനം | നടപ്പിലാക്കേണ്ട എണ്ണം | സെൻട്രൽ ഷെയർ | സ്റ്റേറ്റ് ഷെയർ | UBL ഷെയർ | ആകെ |
|---|---|---|---|---|---|---|
| 1 | Aerobic Bin | 5000 | 3150000 | 2097000 | 3753000 | 9000000 |
| 2 | Organic Waste Conveter | 1 | 452380.6 | 301156 | 538979 | 1292516 |
| 3 | Thumboormuzhi | 6 Bin | 135504 | 90207 | 161443 | 387154 |
| 4 | Ring Compost | 2000 | 1750001.291 | 1165001.524 | 2084997 | 5000000 |

| | | | | | | |
|---|---|---|---|---|---|---|
| 5 | Biogas 5 M3 | 500 | 1837500 | 1223250 | 2189250 | 5250000 |
| 6 | Biogas 75 | 500 | 2100000 | 1398000 | 2502000 | 6000000 |
| 7 | Biogas 1M | 140 | 661500 | 440370 | 788130 | 1890000 |
| 8 | MRF | -- | 1599191 | 1064604 | 1905321 | 4569116 |
| 9 | MCF | -- | 154194.95 | 102649.78 | 183712.3 | 440557 |
| 10 | VGF | -- | 616455 | 410382.9 | 734462.1 | 1761300 |
| 11 | DPR Cost | -- | -- | -- | -- | 352347 |
| | TOTAL | -- | -- | -- | -- | 35942990 |

നഗരസഭ പരിശോധനയ്ക്ക് ലഭ്യമാക്കിയ DPR PROJECT EXPENDITURE REPORT പ്രകാരം 2021-22 വരെ നടപ്പിലാക്കിയ പ്രൊജക്ടുകളും അത് പ്രകാരമുള്ള ചെലവുകളും താഴെ ചേർക്കുന്നു

| Sl No | Name Of Project | No. Of Units | No. Of Unit Installed | Cost Of Project | | | Expenditure | | |
|---|---|---|---|---|---|---|---|---|---|
| | | | | SBM Share | ULB Share | Total | SBM Share | ULB Share | Total |
| 1 | VGF | | | 1026838 | 734462 | 1761300 | 239018 | 176962 | 654998 |
| 2 | Biobin | 545 | 545 | 571923 | 409077 | 981000 | 571923 | 409077 | 981000 |
| 3 | Ring Compost | 133 | 133 | 193847 | 138653 | 332500 | 193847 | 138653 | 332500 |
| 4 | Napkin Distroyer | 7 | 7 | 521552 | 373048 | 894600 | 521552 | 373048 | 894600 |
| 5 | MRF Renovation | -- | -- | 1169850 | 836750 | 2006600 | 828420 | 836750 | 1665170 |
| 6 | Napkin Vending Machine | 15 | 15 | 144467 | 103333 | 247800 | 144467 | 103333 | 247800 |
| 7 | Thumboormuzhi Airobic Bin | 3 | 0 | 699600 | 500400 | 1200000 | -- | -- | -- |
| 8 | MRF Construction | -- | -- | 2614590 | 3655410 | 6270000 | -- | -- | -- |
| 9 | Ring Compost | 1155 | 1155 | 1204119 | 1684881 | 2889000 | 1684881 | 1204119 | 2889000 |
| 10 | Thumboormuzhi Airobic Bin | 7 | 5 | 1195121 | 854829 | 2049950 | 450000 | 854850 | 1304850 |
| 11 | Biobin | 3055 | -- | 3206500 | 2293500 | 5500000 | 1100000 | -- | 1100000 |
| TOTAL | | | | 12548407 | 11584343 | 24132750 | 5734108 | 4096792 | 10069918 |

സ്റ്റേറ്റ് ശുചിത്വ മിഷൻ അംഗീകരിച്ച DPR പ്രകാരമുള്ള പ്രൊജക്ടുകളിൽ താഴെ പറയും വിധം മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിയിട്ടുണ്ട് .

| ക്രമ നമ്പർ | DPR പ്രകാരമുള്ള പ്രൊജക്ടിന്റെ പേര് | നിർവ്വഹണം നടത്തിയ പ്രൊജക്ടിന്റെ പേര് |
|---|---|---|
| 1 | Organic Waste Converter | Napkin Destroyer |
| 2 | Biogas 5 M3 | Napkin Vending Machine |

| | | |
|---|---|---|
| 3 | Biogas 1 M | MCF Renovation |

1-45 വീടുകളിലേക്ക് എൽ.ഇ.ഡി ബൾബ് നൽകൽ - ചെലവ് രേഖകൾ ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 243/22(സ്പിൽ ഓവർ) വീടുകളിലേക്ക് എൽ.ഇ.ഡി ബൾബ് നൽകൽ |
| വകയിരുത്തിയ തുക | 1095775(ഗുണഭോക്തൃ വിഹിതം)+1095775(തനതു ഫണ്ട്)= 2191550 |
| ചെലവ് തുക | 147035(ഗുണഭോക്തൃ വിഹിതം)+147035(തനതു ഫണ്ട്)= 294070 |
| ബിൽ നമ്പർ/തീയ്യതി | 92/8-12-21 |

മുനിസിപ്പാലിറ്റിയിലെ 38 വാർഡുകളിലേയും വീടുകളിലേക്ക് ഒരാൾക്ക് 3 എണ്ണം വീതം എൽ.ഇ.ഡി ബൾബ് നൽകാനുദ്ദേശിച്ചുകൊണ്ടുള്ള മേൽ പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങിയിരിക്കുന്നത് 2019-20 ലാണ്. തൻവർഷം 1440000 രൂപ തനതു ഫണ്ടും 1440000 രൂപ ഗുണഭോക്തൃവിഹിതവുമുൾപ്പെടെ ആകെ 2880000 രൂപയാണ്(50% ഗുണഭോക്തൃവിഹിതം+50% തനതു ഫണ്ട്) പ്രോജക്ടിൽ(183/20) തുക വകയിരുത്തിയത് . ഇ-ടെണ്ടർ മുഖേന 13-3-20 ൽ ലഭിച്ച 5 ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ( ഒരെണ്ണത്തിന് 69 രൂപ ) രേഖപ്പെടുത്തിയ കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ടെണ്ടർ 1/23-3-20 തീരുമാന പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റിയും 2/26-3-20 തീരുമാന പ്രകാരം കൗൺസിലും അംഗീകരിച്ചു. എന്നാൽ തൻ വർഷം പ്രോജക്ട് മുഖേന ചെലവൊന്നും നടത്തിയിട്ടില്ല. തുടർന്ന് 2020-21 വർഷം സ്പിൽ ഓവറായി തുടർന്ന പ്രോജക്ട് മുഖേന (291/21) 344225 രൂപ ഗുണഭോക്തൃ വിഹിതവും 344225 രൂപ തനതു ഫണ്ടും ഉൾപ്പെടെ 688450 രൂപ ഈയിനത്തിൽ ചെലവഴിച്ചതായി കാണുന്നു. ഫയലിൽ കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡിന്റെ 11400 എണ്ണം 9Watts LED Bulb ന് 782710 രൂപ വില കാണിക്കുന്ന (5-9-2020 ലെ G20-21/1994 ) ഇൻവോയ്സ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. തുടർന്ന് 21-22 വർഷം വീണ്ടും പ്രൊജക്ട് സ്പിൽ ഓവറായി വച്ച് മേൽ കാണിച്ചിരിക്കും പ്രകാരം 294070 രൂപ ചെലവാക്കിയിട്ടുണ്ട്. ഇപ്രകാരം ആകെ 982520 രൂപ(688450+294070) പ്രൊജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പ്രൊജക്ട് മുഖേന ആനുകൂല്യത്തിനർഹരായ ഗുണഭോക്താക്കളുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമല്ല. ആയതിനാൽ തന്നെ ഈ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നോ അവർക്ക് തന്നെയാണോ ആനുകൂല്യം ലഭിച്ചതെന്നോ പരിശോധിക്കാനായിട്ടില്ല.

2.ഗുണഭോക്തൃ വിഹിതമിനത്തിൽ 2 വർഷങ്ങളിലായി 491260 രൂപ(344225+147035) പിരിച്ചെടുത്ത് ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത ഗുണഭോക്താക്കളുടെ എണ്ണം, തുക പിരിച്ചെടുത്ത രസീതി, കളക്ഷൻ രജിസ്റ്റർ, തുക മുനിസിപ്പാലിറ്റിയിൽ അടച്ചതിന്റെ വിശദാംശം എന്നിവ

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. എൽ.ഇ.ഡി ബൾബ് സ്റ്റോക്ക്,വിതരണ വിവരം എന്നിവ ലഭ്യമല്ല. സ്ഥാപനത്തിൽ നിന്നും ആകെ വാങ്ങിയ എൽ.ഇ.ഡി ബൾബുകളുടെ എണ്ണം കാണിക്കുന്ന സ്റ്റോക്ക്, ഗുണഭോക്താക്കൾക്ക് അവ വിതരണം ചെയ്തതായി കാണിക്കുന്ന വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

സാധനങ്ങളുടെ വാങ്ങൽ,ഗുണനിലവാരം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് തയ്യാറാക്കിയ ഓഡിറ്റ് എൻക്വയറിക്ക് (40/3-10-22) മറുപടി നൽകിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കുന്നതുവരെ 2021-22 വർഷത്തെ ചെലവ് തുകയായ 294070 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചട്ടവിരുദ്ധമായി ഇൻക്രിമെന്റ് അനുവദിച്ചു

ഫറോക്ക് നഗരസഭയിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് (ഗ്രേഡ് II) ആയി ജോലി ചെയ്തിരുന്ന ശ്രീമതി രസ്ന.പി എന്നവരുടെ പ്രൊബേഷൻ 31.07.2019 തീയതിയിൽ പൂർത്തീകരിച്ചതായി ഉത്തരവായിട്ടുണ്ട് (നഗരകാര്യ ഡയറക്ടറുടെ 08.01.2021ലെ ഇ5/18/182/20 നമ്പർ ഉത്തരവ്). അതു പ്രകാരം അവർക്ക് ഇൻക്രിമെന്റ് അനുവദിച്ച് 2019 ജൂലായ് മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഇൻക്രിമെന്റ് അരിയർ ബിൽ തയ്യാറാക്കി 03.04.2021ലെ 22100004 നമ്പർ വൌച്ചർ പ്രകാരം 19,002/- രൂപ അനുവദിച്ചിട്ടുണ്ട് (ചെക്ക് നമ്പർ 042837/03.04.2021).

കെ.എസ്.ആർ ഭാഗം 1, ചട്ടം 31ലെ സർക്കാർ തീരുമാനം 2 പ്രകാരം ടിയാരിക്ക് പ്രൊബേഷൻ പൂർത്തീകരണത്തിന് ശേഷമുള്ള ഇൻക്രിമെന്റിന് 31.07.2019 മുതലേ അർഹതയുള്ളൂ എങ്കിലും 01.07.2019 മുതൽ ഇൻക്രിമെന്റ് അനുവദിച്ച് താഴെ പറയും പ്രകാരം അധിക തുക നൽകിയിട്ടുണ്ട്.

| 2019 ജൂലായ് മാസത്തെ ശമ്പളം | | | |
|---|---|---|---|
| ഇൻക്രിമെന്റ് അനുവദിക്കുന്നതിന് മുൻപ് നൽകിയത് | ഇൻക്രിമെന്റ് അനുവദിച്ച് നൽകിയത് | യഥാർത്ഥത്തിൽ അർഹതയുള്ളത് (പഴയ നിരക്കിൽ 30 ദിവസത്തേക്കും പുതിയ നിരക്കിൽ 1 ദിവസത്തെയും) | അധികം നൽകിയത് |
| 27360 | 28080 | 27383 | 697 |

| | | | |
|---|---|---|---|
| [22800 (അടിസ്ഥാന ശമ്പളം ) + 4560 (ഡി.എ) ] 20% | [23400 (അടിസ്ഥാന ശമ്പളം) + 4680 (ഡി.എ) ] | [22819(അടിസ്ഥാന ശമ്പളം ) + 4564 (ഡി.എ) ] | [28080 – 27383 ] |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് ഏൻക്വയറി നമ്പർ 16/21-22, തീയതി 03.10.2022). ചട്ട വിരുദ്ധമായി അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ഫറോക്ക് നഗരസഭയുടെ 21-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | എഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 166/21-22 C.D.S ഓഫീസ് നവീകരണം | 361099 തനത്ഫണ്ട് ചെക്ക് നം. 638057/31.3.22 | AE/FM/147/21-22 /8.3.19 Mbook. 73/21-22 Mbook.240/20-21 Mbook. 200/20-21 | 12 മാസം 9.3.19 31.12.21 | പി. എ. സി തുക 500000 രൂപയുടെ (3% 15000രൂപ |
| 2 | 167/21-22 എം.ആർ.എഫ് പൂർത്തീകരണം | 536732 കേന്ദ്രാവിഷ്കൃത ഫണ്ട് ബിൽനം 325/19.3.22 | AE/FM/107/20-21 /28.10.20 Mbook. 143/ 20-21 Mbook.240/20-21 Mbook.41/21-22 | 6മാസം 28.10.20 3.12.21 | പി. എ. സി തുക 1710657.82 രൂപ യുടെ (3%) രൂപ 51319 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 66319 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചത് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. പിഴയിനത്തിൽ 66319 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-3 കുടിവെള്ള ടാങ്ക് വിതരണം- എസ് സി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 64/2022<br>കുടിവെള്ള ടാങ്ക് വിതരണം -എസ് സി- |
| വകയിരുത്തിയ തുക<br>ആകെ | 1) 201950 (എസ് സി പി)<br>2) 52650 (തനത് ഫണ്ട്)<br>3) 38000 ( ഗുണഭോക്തൃവിഹിതം)<br>292600/- |
| ചെലവ് തുക<br>ആകെ | 1) 201950 (എസ് സി പി)<br>2) 48849 (തനത് ഫണ്ട്)<br>3) 38000 ( ഗുണഭോക്തൃവിഹിതം)<br>288799/- |
| സാംഖ്യ ബിൽ നം/തിയ്യതി | 1.378/28.3.2022 (201950/-)<br>2.379/28.3.2022 (48849/-)<br>3.385/28.3.2022 (38000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

കുടിവെള്ള ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും Headco സമർപ്പിച്ച ക്വട്ടേഷനിൽ 3100/- , 3480/- എന്നിങ്ങനെ തുക രേഖപ്പെടുത്തിയതിൽ ഏറ്റവും കുറഞ്ഞ തുകയായ 3100/- രൂപയുടെ Lotus Model വാട്ടർ ടാങ്കിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ഹെൽത്ത് ഇൻസ്പെക്ടറുടെ 6.12.2021 ലെ FH1/12260/21 കത്തിൽ Headcoയോട് 3100/- രൂപയുടെ വാട്ടർടാങ്ക് 20.12.2021 ന് പർച്ചേസ് കമ്മിറ്റിക്ക് മുൻപാകെ ഹാജരാക്കാൻ ആവശ്യപ്പെടുകയും, 20.12.2021 ലെ പർച്ചേസ് കമ്മിറ്റി യോഗം പ്രസ്തുത ടാങ്കിൽ തൃപ്തി

രേഖപ്പെടുത്തിയതിന്റെയും , 21.12.2021 ലെ കൗൺസിൽ തീരുമാന(നം. 19)ത്തിന്റെയും അടിസ്ഥാനത്തിൽ Headcoയിൽ നിന്ന് 3100/- രൂപയുടെ Lotus Model വാട്ടർ ടാങ്ക് വാങ്ങാൻ നഗരസഭ തീരുമാനിക്കുകയുണ്ടായി.

24.12.2021 ലെ FH1/13988/2021 നമ്പർ സപ്ലൈ ഓർഡറിൽ വിതരണം ചെയ്യേണ്ട സാധനത്തിന്റെ വിശദീകരണത്തിൽ Indian Bureau Of Standard നിലവാരത്തിലുള്ള ടാങ്കുകളാണ് വിതരണം ചെയ്യാൻ ആവശ്യപ്പെട്ടത്. ആയതിന് Headco സമർപ്പിച്ച മറുപടിയിൽ 3100/- രൂപയുടെ വാട്ടർ ടാങ്ക് ISO Certified ആണെന്നും , ISI Certified ടാങ്കിന്റെ വില 3480/-രൂപയാണെന്നും ,3100/- രൂപയ്ക്ക് Lotus ISO Model മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളു എന്നും 3480/- രൂപയ്ക്ക് ISI Model വിതരണം ചെയ്യാൻ തയ്യാറാണെന്നും അറിയിച്ചു. 19.02.2022 ലെ പർച്ചേഴ്സ് കമ്മിറ്റി തീരുമാനത്തിൽ ടെണ്ടർ ലംഘനം ആയതിനാൽ മേൽ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനും റീടെണ്ടർ ക്ഷണിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. എന്നാൽ ഈ തീരുമാനം കൗൺസിൽ അംഗീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 19.02.2022 ലെ പർച്ചേഴ്സ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് സമർപ്പിച്ച 3800/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 76 എണ്ണം വാട്ടർടാങ്കുകൾ വിതരണം ചെയ്തതിന് ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് സമർപ്പിച്ച 288799/- രൂപയുടെ ഇൻവോയ്സ് നം.222/26.3.22 ന് മേൽ കാണിച്ച പ്രകാരം 288799/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ആദ്യ ടെണ്ടർ നോട്ടീസിൽ ISI Model ടാങ്കുകളാണ് നഗരസഭയ്ക്ക് പ്രൊജക്ട് നിർവ്വഹണത്തിന് വേണ്ടതെന്ന് പറഞ്ഞിരുന്നു. , Headco സമർപ്പിച്ച ക്വട്ടേഷനിൽ 3100/- രൂപയുടെ ടാങ്ക് ISO Model ആണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിരുന്നിട്ടും 20.12.2021 ലെ പർച്ചേഴ്സ് കമ്മിറ്റി , 21.12.2021 ലെ നഗരസഭ കൗൺസിൽ എന്നിവ Headcoയിൽ നിന്നും ഈ ടാങ്ക് തന്നെ വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല.

2. Headco സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം ISI Mark ഉള്ള ടാങ്കിന്റെ വില 3480/- രൂപയായിരുന്നു. എന്നാൽ 19.02.2022 ലെ പർച്ചേഴ്സ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ റീടെണ്ടർ പ്രകാരം 3800/- രൂപ നിരക്കിലാണ് ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും ടാങ്ക് വാങ്ങിയത്. ടാങ്ക് ഒന്നിന് 320/- രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. ഇത്തരത്തിൽ 76 ടാങ്കുകൾ വാങ്ങിയതിന് നഗരസഭയ്ക്ക് 24320/- രൂപ (320x76= 24320/-) യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3. സബ്സിഡി മാർഗ്ഗരേഖ 22/2018/തസ്വഭവ തി. 14.2.2018 പ്രകാരം ടാങ്ക് വിതരണത്തിന് പട്ടികജാതി വിഭാഗത്തിന് പരമാവധി സബ്സിഡി , യൂണിറ്റിന്റെ വിലയുടെ 75% മാത്രമാണ്. 3480/- രൂപ യൂണിറ്റ് കോസ്റ്റിന് ലഭ്യമാകുമായിരുന്ന ടാങ്കിന്റെ പരമാവധി സബ്സിഡി തുക 2610/- രൂപയും ഗുണഭോക്തൃവിഹിതം 870/- (3480-2610) രൂപയുമാണ്. എന്നാൽ 500/- രൂപ നിരക്കിലാണ് 76 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിരിക്കുന്നത്. ഈ ഇനത്തിൽ 28120/- രൂപ (370 X 76= 28120/-) നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

4. നഗരസഭാ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ക്രമനമ്പർ 2 പ്രകാരമുള്ള നഷ്ടത്തുകയായ 24320/- രൂപ 19.02.2022 ലെ പർച്ചേഴ്സ് കമ്മിറ്റി അംഗങ്ങളിൽ നിന്നും ക്രമനമ്പർ 3 പ്രകാരമുള്ള നഷ്ടത്തുകയായ 28120/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2021-22 | 19.09.2022, 20.09.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജലസേചന വകുപ്പ് | പാച്ചാക്കൽ ചീർപ്പ് | 2116054700300 | 8,90,000 | 0 | 8,90,000 (ഖണ്ഡിക 1-21 കാണുക) |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും ലോൺ രജിസ്റ്റർ പ്രകാരമുള്ള വിശദവിവരങ്ങൾ (ലോൺ രജിസ്റ്റർ പ്രകാരമുള്ളതും വാർഷിക കണക്ക് പ്രകാരമുള്ളതും തമ്മിലുള്ള പൊരുത്തക്കേടുകൾ ഖണ്ഡിക 1-2-1-17 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി (FSCB) | ജി.ഒ(ആർ.ടി)നം.976/ 2019/എൽ.എസ്.ജി.ഡി തീ-14.05.19 | - | 88,73,816 | 75,00,000 | 13,73,816 | -- |
| പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി (HUDCO) | ജി.ഒ(ആർ.ടി)നം.2278/ 2018/എൽ.എസ്.ജി.ഡി തീ-18.08.18 | 1,08,00,000 | 5,36,80,000 | 49,60,000 | -- | 5,95,20,000 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13922452 |
| തൻവർഷം നിക്ഷേപിച്ച തുക | 1183408 |
| ആകെ | 15105860 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15105860 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഫറോക്ക് സർവീസ് കോപ്പറേറ്റീവ് ബാങ്ക്, ഫറോക്ക് ടൗൺ ബ്രാഞ്ച് | 22.01.2021 | 12 മാസം | 15105860 | |
| ആകെ | | | | 15105860 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,55,535/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20<br>ഓഡിറ്റ് എൻക്വയറി<br>നം.1/19-20 | - | 1,55,535 | മുനിസിപ്പൽ<br>എഞ്ചിനിയർ | 121210500297<br>Dtd 22.02.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുമ്പ് ഗ്രാമപഞ്ചായത്തായിരുന്ന കാലത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1997-98 | | 2000-01 | 102 | കെട്ടിട വാടക കുടിശ്ശിക | 2006-08(11)-ാമത് റിപ്പോർട്ട് ഖ. 63 നഷ്ടം ഈടാക്കന്നത് സംബന്ധിച്ച തുടർ നടപടി വിവരം അറിയിക്കാൻ ശുപാർശ |
| 1999-2000 | 39 ഇ,<br>39 ജി | 2003-04 പൊതു പരാമർശം | 11(9) | ഫറോക്ക് ഗ്രാമ പഞ്ചായത്തിന്റെ ഓഫീസ് പണിയിൽ നഷ്ടം | 2011-14 (12)-ാമത് റിപ്പോർട്ട് തുക ഈടാക്കിയതിനാൽ ഒഴിവാക്കാൻ ശുപാർശ |
| 2000-01 | 19 | 2003-04 പൊതു പരാമർശം | 11.13.2.5 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടത്തിയില്ല | 2019-21 53-ാമത് റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 1999-2000 | 51 | 2003-04 പൊതു പരാമർശം | 11.13.5.10 | മൈത്രി ഭവന പദ്ധതി | തുടരുന്നു |
| 2000-01 | മറ്റ് പരാമർശം | 2003-04 | 11.14 | ആയുർവേദാശുപത്രി വികസനം , | -ടി- |
| 2000-01<br><br>2001-02 | - | 2003-04 മറ്റ് പരാമർശം | 11.14 | 1)ആയുർവ്വേദാശുപത്രിവികസനം | 2019-21 ഉത്തരവാദിയിൽ നിന്നും ഈടാക്കണം |
| | | | | 2)2000-01 വർഷത്തെ റോഡ് ടാറിംഗ് | 2019-21 പരാമർശം ഒഴിവാക്കി |
| | | | | 3)ലക്ഷംവീട് ചെനക്കൽ റോഡ് പരിഷ്കരണം | -ടി- |
| 2000-01 | 3-7 | 2005-06 | 2.70.1.10.4 | വെള്ളക്കരം | 2014-16 (51)-ാമത് റിപ്പോർട്ട് ഖണ്ഡിക 28 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 2-11 | 2005-06 | 2.70.1.10.7 | വെള്ളക്കരം | 2014-16 (51)-ാമത് റിപ്പോർട്ട് ഖണ്ഡിക 28 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 2-1 എ,ബി,സി | 2005-06 | 2.70.1.11.15 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 2014-16 (51)-ാമത് റിപ്പോർട്ട് ഖണ്ഡിക |

| | | | | | |
|---|---|---|---|---|---|
| | | | | | 31 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 2-3 | 2005-06 | 2.70.1.12.5 | ഗ്രാമസഭ | 2014-16 (51)-ാമത് റിപ്പോർട്ട് ഖണ്ഡിക 35 ഒഴിവാക്കാൻ ശുപാർശ |
| 2000-01 | 2-3, 2-4 | 2005-06 | 2.70.1.13.6 | തനത് വരവ് കാലഹരണപ്പെട്ട | 2014-16 (51)-ാമത് റിപ്പോർട്ട് ഖണ്ഡിക 40 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | - | 2005-06 | 2.70.1.14.24 | നികുതി പിരിവ് അലംഭാവം | തുടരുന്നു. |
| 2007-08 | 3-1 | 2011-12 | 4.18 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ച | തുടരുന്നു. |
| 2014-15 | 2-5 | 2016-17 | അനുബന്ധം4 | തൊഴിൽനികുതി അപാകതകൾ | തുടരുന്നു. |
| 2017-18 | 3-5 | 2018-19 | ഖരമാലിന്യ സംസ്കരണം-2 | മാലിന്യസംസ്കരണ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ നിർവഹണ ഏജൻസിയ്ക്ക് പ്ലാസ്റ്റിക് ഷ്രെഡിംങ്, ആന്റിംഗ്, ബെയിലിംഗ് യൂണിറ്റിനായി തുക കൈമാറി | തുടരുന്നു. |
| 2017-18 | 3-1 | 2018-19 | പ്രോക്യൂർമെന്റ് മാന്വൽ | വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചില്ല | തുടരുന്നു. |
| 2018-19 | അനുബന്ധം-2 | 2020-21 | അദ്ധ്യായം-2-4 | മരാമത്ത് പ്രവൃത്തി സ്പെഷ്യൽ ഓഡിറ്റ് | തുടരുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 13,16, 23 | ശ്രീ. വി. സുധാകരൻ, സെക്രട്ടറി | LF.12553/ SPL.CELL/ SC.4/2000 Dt. 29.11.01 | 3447 | - | - | | - | - | 3447 | |
| 2 | 2000-01 | 9(1), 10 ബി, സി, 11 | ശ്രീ. പി. ദയാനന്ദൻ, AE, LSGD | LF.16204/ SPL.CELL/ SC.5എ/04 Dt.19.8.06 | 18938 | - | - | | - | - | 18938 | |
| 3 | 2001-02 | 7,13 | ശ്രീ. ആർ. മധുസൂദനൻ നായർ, സെക്രട്ടറി | LF.17591/ SPL.CELL/ SC.5/04 Dt.4.7.06 | 67527 | - | - | | - | - | 67527 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 25,96,21,560 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22,22,54,169 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,19,456 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71,61,137 |

(ബി). മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 697 | ശ്രീ. സനൽകുമാർ.ഡി.വി, |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 3-2 | - | 66,319 | ശ്രീ. അഭിലാഷ്.ടി,<br>അസി.എഞ്ചിനിയർ |
| 3-3 | - | 28,120 | ശ്രീ. വത്സൻ.സി.കെ,<br>ഹെൽത്ത് ഇൻസ്പെക്ടർ |
| 3-3 | - | 24,320 | തീരുമാന ദിവസം ഹാജരായ<br>പർച്ചേസ് കമ്മിറ്റിഅംഗങ്ങൾ<br>1. എൻ.സി. അബ്ദുൾ റസാഖ്., ചെയർമാൻ<br>2. കെ പി. നിഷാദ്<br>3. കെ . കുമാരൻ<br>4. കാർത്തികേയൻ. വി<br>5. റീജ. കെ<br>6. അബ്ദുൾ മജീദ്<br>7. ഇ കെ. താഹിറ<br>8. സനൽകുമാർ. ഡി വി, സെക്രട്ടറി<br>9. ഷാജൻ. പി ടി<br>10. ഗിരീഷ്<br>11. സുജന) |
| | ആകെ | 1,19,456 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2,23,846 | ശ്രീ. സനൽകുമാർ.ഡി.വി, സെക്രട്ടറി |
| 1-17 | 4,70,280 | ശ്രീ. സനൽകുമാർ.ഡി.വി, സെക്രട്ടറി |
| 1-21 | 8,90,000 | ശ്രീ. അഭിലാഷ്.ടി, സെക്രട്ടറി ഇൻ ചാർജ് |

| | | |
|---|---|---|
| 1-22 | 2,23,846 | ശ്രീ. സനൽകുമാർ.ഡി.വി, സെക്രട്ടറി |
| 1-22 | 13,40,617 | ശ്രീ. സനൽകുമാർ.ഡി.വി, സെക്രട്ടറി |
| 1-22 | 5,00,000 | ശ്രീ. അഭിലാഷ്.ടി, സെക്രട്ടറി ഇൻ ചാർജ് |
| 1-28 | 11,00,000 | ശ്രീ. സനൽകുമാർ.ഡി.വി, സെക്രട്ടറി |
| 1-29 | 75,000 | ശ്രീ. വത്സൻ.സി.കെ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-32 | 27,500 | ശ്രീ. വത്സൻ.സി.കെ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-34 | 6,77,877 | ശ്രീ. അഭിലാഷ്.ടി, സെക്രട്ടറി ഇൻ ചാർജ് |
| 1-38 | 7,60,000 | ശ്രീ. സനൽകുമാർ.ഡി.വി, സെക്രട്ടറി |
| 1-39 | 39,873 | ശ്രീ. സുനീർ.വി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-40 | 5,24,727 | ഡോ. എൽസ മരിയ,<br>മെഡിക്കൽ ഓഫീസർ( ആയുർവേദം) |
| 1-40 | 36,870 | ശ്രീ. ലാലു ജോൺസ്.ആർ, താലൂക്കാശുപത്രി സൂപ്രണ്ട് |
| 1-41 | 25,000 | ശ്രീ. സനൽകുമാർ.ഡി.വി, സെക്രട്ടറി |
| 1-42 | 11,400 | ശ്രീ. ലാലു ജോൺസ്.ആർ, താലൂക്കാശുപത്രി സൂപ്രണ്ട് |
| 1-43 | 12,80,848 | ശ്രീ. അഭിലാഷ്.ടി, സെക്രട്ടറി ഇൻ ചാർജ് |
| 1-45 | 2,94,070 | ശ്രീ. സനൽകുമാർ.ഡി.വി, സെക്രട്ടറി |
| ആകെ | 85,01,754 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സനൽകുമാർ.ഡി.വി,<br>സെക്രട്ടറി | സെക്രട്ടറി,<br>വർക്കല നഗരസഭ | അനുഗ്രഹ, വലിയവിളപ്പുറം,<br>ഒറ്റശേഖരമംഗലം,<br>തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ. അഭിലാഷ് ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | ഹരിനയനം,കുരുവിശ്ശേരി പി. ഒ, കോഴിക്കോട് – 673010 |
| ശ്രീ. വത്സൻ.സി.കെ, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ, ഫറോക്ക് മുനിസിപ്പാലിറ്റി | 12/365,ചെറിയകടവത്ത് മണിയൂർ, വടകര – 673523 |
| ശ്രീ. സുനീർ.വി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ,ഫറോക്ക് മുനിസിപ്പാലിറ്റി | വിനയം, തിരുവണ്ണൂർ, കോഴിക്കോട് – 29 |
| ഡോ. എൽസ മരിയ, മെഡിക്കൽ ഓഫീസർ ( ആയുർവേദം) | മെഡിക്കൽ ഓഫീസർ ( ആയുർവേദം) , ഫറോക്ക് മുനിസിപ്പാലിറ്റി | ഹംദ്, മുണ്ടേങ്ങാട്, ചേലേമ്പ്ര(പി.ഒ),മലപ്പുറം |
| ശ്രീ. ലാലു ജോൺസ്.ആർ, താലൂക്കാശുപത്രി സൂപ്രണ്ട് | താലൂക്കാശുപത്രി സൂപ്രണ്ട്, ഫറോക്ക് മുനിസിപ്പാലിറ്റി | ഷാരോൺ വില്ല, പൊറ്റമ്മൽ,കോഴിക്കോട് – 17 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | |
|---|---|---|---|
| | | എണ്ണം | ഖണ്ഡികകൾ |
| 1996-97 | എൽ.എഫ്.കെ.കെ.ഡി/ പി.2/1485/13(1)11.11.13 | 6 | 13, 14, 16, 22, 23, 24 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(2)/11.11.13 | 12 | 30, 31, 36(1,2), 38, 39, 46, 47, 53, 54, 59, 62, 63 |

| | | | |
|---|---|---|---|
| | | | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(1)/11.11.13 | 12 | |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(3)/11.11.13 | 2 | 28, 51 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(4)/11.11.13 | 9 | 7, 8, 12, 13, 14, 15, 17, 18, 19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(5)/11.11.13 | 4 | 2(3), 2(4), 2(10), 3(7) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(6)/11.11.13 | 4 | 2-1, 2-11, 2-13, 3-8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(7)/11.11.13 | 12 | 2-1, 2-2, 2-6, 2-7, 3-1, 3-2,3-3, 3-6(എ & ബി), 3-8, 3-9, 3-11, 3-20 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(8)/11.11.13 | 4 | 2-1, 3-1, 3-9, 3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(9)/11.11.13 | 16 | 2-1, 2-2, 2-3, 2-4, 3-1,3-2,3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12/04.05.2012 | 13 | 2-2, 2-3, 2-4, 2-5(1),(2),( 3),( 4), 2-6, 3-2,3-3, 3-9, 3-12, 3-15, 3-16, 3-17, 3-19(3) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12/04.05.2012 | 16 | 2-1, 2-9(1,2,4,6), 2-13,3-2, 3-3, 3-4, 3-5, 3-6,3-7, 3-8, 3-9, 3-10,3-12, 3-14, 3-16, 3-18 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി2/842/13(6)/15.7.2013 | 45 | 2-1, 2-2, 2-3, 2-4, 2-5,2-6, 2-7, 2-8, 2-9, 2-10,2-11, 2-12, 2-13, 2-14, 2-15,2-16, 2-17, 2-18, 2-19, 2-20,2-21, 2-22, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 3-13, 3-14, 3-15,3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി2/1782/11/20.01.2012 | 35 | 2-4, 2-5, 2-6, 2-7, 2-9, 2-10,2-11, 3-1, 3-2(1)(2), 3-3, 3-4, 3-5, 3-6(ബി), 3-9,3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, 3-21,3-22, 3-23, 3-24, 3-25,3-26, 3-27,3-28,3-29, 3-30, 3-31, 3-36 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി2/1443/13/25.10.13 | 38 | 1-4, 2-1, 2-3, 2-4, 2-8, 2-9,2-10, 2-11, 2-12, 2-13, 2-14, 3-1, 3-2, 3-3, 3-4, 3-5, 3-6,3-7, |

| | | | |
|---|---|---|---|
| | | | 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-18,3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-28,3-29, 3-30, 4-3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി2/244/14/11.06.2014 | 18 | 2-5, 2-6, 2-7, 2-8, 2-9,2-11, 2-12, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7,3-8, 3-11, 3-12, 3-14 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/ പി2/394/14/16.07.2014 | 32 | 2-1, 2-2, 2-3, 2-4, 2-5,3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, 3-19,3-21, 3-22, 3-23, 3-24,3-25, 4-1, 4-5, 4-11 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി.2/2024/15/29.9.2016 | 23 | 2-2, 2-4, 2-5(2), 2-7, 2-8,3-1, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13,3-14, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2015-16 പഞ്ചായത്ത് | കെ.എസ്.എ.കെ.കെ.ഡി/ പി.14/799/17/30.1.2017 | 10 | 2-1, 2-2, 2-3, 2-4, 2-5,3-2, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി.14/124 /17/30.1.2017 (01-11.15-31.3.2016) | 30 | 2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 3-1, 3-2, 3-3,3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി.14/1691/17/31.03.2018 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10,3-11, 3-12, 3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി13/1339/19/16.06.20 | 14 | 1-5, 1-12, 2-1, 2-2, 2-3, 2-4(3), 2-6,3-1, 3-3,3-4, 3-6,3-8, 3-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി13/117/21/27.1.21 | 32 | 1-7, 1-8, 1-9, 1-10, 1-11, 1-12,1-13, 1-14, 1-15, 1-16, 1-17, 1-18, 1-19,1-20, 1-21, 1-22, 1-23, 1-24, 1-25, 1-26,1-27,1-28, 1-29, 1-30,2-1, 3-1, 3-2, 3-3, 3-4,3-5, 3-6, അനുബന്ധം-2 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി പി9/332/22/18.3.22 | 47 | 1-1 മുതൽ 1-43 വരെ, 2-1,3-1,3-2,3-3 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി പി9/1366/22/20.08.22 | 49 | 1-1 മുതൽ 1-45 വരെ, 3-1,3-2,3-3,3-4 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്